# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാണിക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ:  lfadtvm@yahoo.in

ഫോൺ :  0471-2331231

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/GP13/1961/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 31/01/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാണിക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/GP13/1961/2022 തീയ്യതി: 31/01/2023

## തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 53 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | 18-10-2022 | 29-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-10-2022 | 29-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ ജി.കെ പ്രേംനാഥ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ശ്രീദേവി,എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അമലാദേവ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കുതിരംകുളം ജയൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ജ്യോതിസ്.വി | സെക്രട്ടറി | 01-04-2021 | 22-07-2021 |
| പ്രവീൺ പി.ഐ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-07-2021 | 25-07-2021 |
| ജി.എൻ. ഹരികുമാർ | സെക്രട്ടറി | 26-07-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രവീൺ പി.ഐ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഷീജ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| പമീല വിമൽ രാജ് | കൃഷി ഓഫീസർ | 01-04-2021 | 05-05-2021 |
| ബഗിത ബന്ദു | കൃഷി ഓഫീസർ | 05-05-2021 | 30-09-2021 |
| സതീഷ്കുമാർ.ഐ.ബി | കൃഷി ഓഫീസർ | 01-10-2021 | 31-03-2022 |
| ഡോ.ഹീര ജ്യോതിസ് | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ജ്യോതി.എസ് | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ.ലിജിത്.കെ.എം | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| സുലൈഖ.എൻ.എസ് | ഹെഡ്മിസ്ട്രസ്, കൊപ്പം എൽ.പി.എസ് | 01-04-2021 | 31-03-2022 |
| ദീപ്തി.ബി.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-07-2021 |
| ആൻസി.എ.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-07-2021 | 31-03-2022 |
| വിജയലാൽ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾII)) | 01-04-2021 | 31-03-2022 |
| സുമീറ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾIII) | 01-04-2021 | 31-03-2022 |
| രതീഷ്.ആർ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾI) | 01-04-2021 | 24-08-2021 |
| വിജയലാൽ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾII In Charge) | 25-08-2021 | 13-09-2021 |
| വിഷ്ണു.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾI) | 14-09-2021 | 31-03-2022 |

| | | | |
|---|---|---|---|
| സരിത വിജയൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| വനജകുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ച് | 1-1-1 |
| 3 | ബജറ്റ് അപാകതകൾ | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക | 1-2 |
| 5 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ | 1-2-1 |
| 6 | ഗ്രാന്റ് വിനിയോഗം | 1-3 |
| 7 | പദ്ധതി അവലോകനം | 1-4 |
| 8 | ക്ഷേമ പദ്ധതികളുടെ വിശദാംശം | 1-5 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി വരുന്നു. | 1-5-1 |
| 10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-6 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 12 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 14 | ലൈസൻസ്- അപേക്ഷകൾ പൂർണമല്ല | 1-10 |
| 15 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-11 |
| 16 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-12 |
| 17 | ഗ്രാമസഭ | 1-13 |
| 18 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത | 1-14 |
| 19 | യന്ത്രത്തിന്റെ ഫീസ് ഈടാക്കുന്നതിൽ അപാകത | 1-15 |
| 20 | വസ്തു നികുതി-അപാകതകൾ | 1-16 |
| 21 | 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ - സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല | 1-16-1 |
| 22 | മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് അനുവദിച്ചു | 1-16-2 |
| 23 | ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു | 1-16-3 |
| 24 | ടെലഫോൺ ടവർ -വസ്തു നികുതി കുടിശ്ശിക | 1-16-4 |
| 25 | തൊഴിൽ നികുതി- അപാകങ്ങൾ | 1-17 |
| 26 | തൊഴിൽ നികുതി ഒടുക്കിയില്ല | 1-17-1 |
| 27 | സമയപരിധിക്കുള്ളിൽ തൊഴിൽ നികുതി ഒടുക്കിയില്ല - പിഴ പലിശ ഈടാക്കിയിട്ടില്ല. | 1-17-2 |
| 28 | സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി | 1-17-3 |

| | | |
|---|---|---|
| | ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. | |
| 29 | സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. | 1-17-4 |
| 30 | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – 625000 രൂപ തടസ്സപ്പെടുത്തുന്നു | 1-18 |
| 31 | രസീത് പരിശോധന നടത്തിയപ്പോൾ കണ്ടെത്തിയ അപാകങ്ങൾ | 1-19 |
| 32 | ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി-അപാകങ്ങൾ | 1-20 |
| 33 | ജി.എസ്.ടി- ഇൻകം ടാക്സ് -ടി.ഡി.എസ് ഈടാക്കിയില്ല | 1-21 |
| 34 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല | 1-22 |
| 35 | ആംബുലൻസ്-ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല. | 1-22-1 |
| 36 | വസ്തു നികുതി-കമ്മിറ്റി നടപടി മാതൃകാപരം | 1-23 |
| 37 | നികുതി-ചോർച്ച തടയുന്നതിനുള്ള കമ്മിറ്റി തീരുമാനം നടപ്പിലായില്ല. | 1-23-2 |
| 38 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - 4474589/- രൂപ തടസ്സപ്പെടുത്തുന്നു | 1-24 |
| 39 | ലൈഫ് ഭവന നിർമ്മാണം-പൂർത്തിയാക്കിയിട്ടില്ല | 1-25 |
| 40 | ജനറേറ്റർ സ്ഥാപിക്കൽ-തുക തിരികെ ഈടാക്കണം | 1-26 |
| 41 | വെള്ളാനിക്കൽ അംഗൻവാടി-നിർമ്മാണം കമ്മിറ്റി തീരുമാനം നടപ്പിലായില്ല | 1-27 |
| 42 | പഞ്ചായത്തിനു ലഭ്യമാകേണ്ട തുക-കമ്മിറ്റി തീരുമാനം നടപ്പിലാക്കണം | 1-28 |
| 43 | വിദ്യാഭ്യാസ മേഖല – ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകതകൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധ നൽകണം | 1-29 |
| 44 | പൊതുമരാമത്ത് പ്രവൃത്തികളുടെ ആസൂത്രണത്തിലെ പിഴവുകൾ -ഭാവിയിൽ പരിഹരിക്കപ്പെടണം | 1-30 |
| 45 | സുഭിക്ഷ കേരളം - തരിശ്ഭൂമിയെ കൃഷിയോഗ്യമാക്കുന്ന പദ്ധതികൾ - അപാകതകൾ | 1-31 |
| 46 | MNREGS – മെറ്റീരിയൽ പ്രവൃത്തികളുടെ നടത്തിപ്പിലെ അപാകതകൾ | 1-32 |
| 47 | മാണിക്കൽ കുടുംബാരോഗ്യ കേന്ദ്രത്തിന് 927411/- രൂപയുടെ മരുന്ന് ലഭിക്കുവാൻ അവശേഷിക്കുന്നു - തുക തടസ്സപ്പെടുത്തുന്നു | 1-33 |
| 48 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്ന് - 305369/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല | 1-33-1 |
| 49 | പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ - 362146/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല | 1-33-2 |
| 50 | വയോസൗഹൃദ പഞ്ചായത്ത് - അലോപ്പതി മരുന്ന് വാങ്ങൽ - 259896/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല | 1-33-3 |
| 51 | പദ്ധതി ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് പർച്ചേസ് - കമ്മിറ്റി തീരുമാനം ലഭ്യമാക്കിയില്ല | 1-34 |
| 52 | ലാബ് ടെക്നീഷ്യന് അധികമായി വേതനം അനുവദിച്ചു | 1-35 |

| | | |
|---|---|---|
| 53 | പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിലെ അപാകതകൾ | 1-36 |
| 54 | പാലിയേറ്റീവ് കെയർ പ്രോജക്ട് - കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് അനുവദിച്ച 1000000/- രൂപ സംബന്ധിച്ച് | 1-37 |
| 55 | പാലിയേറ്റീവ് പ്രവർത്തനം - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-38 |
| 56 | പ്രോജക്ട് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് ലാബ് റീഏജന്റ്സ് പർച്ചേസ് ചെയ്തിരിക്കുന്നു. | 1-39 |
| 57 | ലോഗ് ബുക്ക് പരിശോധന | 1-40 |
| 58 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി- ക്യാഷ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല | 1-41 |
| 59 | അങ്കണവാടികളുടെ പ്രവർത്തനം-അവലോകനം | 1-42 |
| 60 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - പ്രോജക്ടിലെ അപാകതകൾ | 1-43 |
| 61 | അങ്കണവാടികളിലെ പഴയ ഗ്യാസ് സ്റ്റൗ ഒഴിവാക്കണം | 1-44 |
| 62 | തെരുവു നായ്ക്കളുടെ പരിപാലനം-കമ്മിറ്റി തീരുമാനം നടപ്പിലായില്ല. | 1-45 |
| 63 | വെള്ളക്കരം-സംയുക്ത പരിശോധന നടത്തേണ്ടതാണ്. | 1-46 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് /സർ ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2021-22 വർഷത്തെ ബജറ്റ് 20.02.2021 തീയതിയിലെ ജനറൽ കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 07.03.2022ാം തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ 483714566.00/- രൂപ വരവും 471132230.00/-രൂപ ചെലവും 12582336.00/- രൂപ നീക്കിയിരിപ്പുമാണ്.

### 1-1-1 ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ച്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ (ഓഡിറ്റ് എൻക്വയറി 37നുള്ള മറുപടി പ്രകാരം) ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | സമയം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (തീയതി ഉൾപ്പെടെ ) |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | മറുപടി ലഭ്യമല്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | മറുപടി ലഭ്യമല്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | മറുപടി ലഭ്യമല്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | മറുപടി ലഭ്യമല്ല |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | മറുപടി ലഭ്യമല്ല |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 15/02/2021 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | മറുപടി ലഭ്യമല്ല |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 20/02/2021 |

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തീയതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ

പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. മേൽ അപാകതകൾ പരിഹരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 ബജറ്റ് അപാകതകൾ

1. പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.37 ന് 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 2020-21 അവസാന പാദത്തിൽ തയാറാക്കി അവതരിപ്പിച്ചിട്ടുള്ളതിനാലും കോവിഡ് വ്യാപനവും ജനറൽ ഇലക്ഷനും ആയി ബന്ധപ്പെട്ട അടിയന്തിര സാഹചര്യത്തിൽ ബജറ്റ് തയാറാക്കിയതിനാൽ നടപടിക്രമങ്ങളിൽ ഉൾപ്പെട്ട രേഖകൾ തയാറാക്കിയിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്.

2. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് അവലോകനം നടത്താറില്ല

2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ അപ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 37 ന്, മാസം തോറുമുള്ള ബജറ്റ് അവലോകനം കോവിഡ് വ്യാപനവുമായി ബന്ധപ്പെട്ട കാലയളവിൽ പ്രായോഗികമല്ലാത്ത വന്നിരുന്നു എന്നാണ് മറുപടി ലഭ്യമാക്കിയത്.

3.ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും ചെലവ് ചെയ്തു

ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൗണ്ട് | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | Salaries | 2101001 | 13500000 | 13000000 | 13542775 |
| 2 | Pension Contribution | 2103001 | 1500000 | 1300000 | 1355887 |
| 3. | Office Expenses | 2201101 | 850000 | 500000 | 552043 |
| 4 | Communication Expenses | 2201201 | 350000 | 200000 | 385906 |
| 5 | Other Operating And Maintenance | 2308001 | 600000 | 300000 | 1887655 |

| | | | | | |
|---|---|---|---|---|---|
| | Expenses | | | | |
| 6 | Agriculture And Related Sectors- Coconut | 2501009 | - | - | 473000 |
| 7 | Agriculture And Related Sectors- Medicinal Herbs | 2501015 | - | - | 518800 |
| 8 | Agriculture And Related Sectors- Vetal | 2501020 | 110000 | 110000 | 157570 |
| 9 | Agriculture And Related Sectors- Integrator Crop Protection | 2501024 | - | - | 3800 |
| 10 | Animal Husbandry- Marketing | 2501042 | - | - | 81706 |

4. ബജറ്റിൽ ഹെഡ് ഉൾപ്പെടുത്താതെ AFS പ്രകാരം ചെലവ് നടത്തിയിരിക്കുന്നു

ബജറ്റിൽ ഹെഡ് ഉൾപ്പെടുത്താതെ AFS പ്രകാരം ചെലവ് നടത്തിയിരിക്കുന്നു. ചില ഉദാഹരണങ്ങൾചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൗണ്ട് | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|
| 1 | Other Operating And Maintenance Expenses | 230800099 | 41369 |
| 2 | Calf Special Livestock Protection | 250110006 | 625000 |
| 3 | Animal Husbandry- Infrastructure | 2501101 | 429335 |
| 4 | Infrastructure Facilities | 250120303 | 1473871 |
| 5 | Service Enterprises- Bunk | 250140804 | 15355 |
| 6 | Revolving Fund For Kudumbasree Employment Programme | 250160001 | 35091 |

5. ചെലവിനങ്ങളിലെ Decentralised Plan Programme ഉൾപ്പെടുന്ന ചെലവുകൾ AFS ഉം ബജറ്റുമായി പൊരുത്തപ്പെടുന്നില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ എൻക്വയറി 37 ന് ഐ.എൽ.ജി.എം.എസ് ഹെഡുകളും ബജറ്റ് ഹെഡുകളും തമ്മിൽ വ്യതിയാനമുണ്ടോ എന്നത് സംബന്ധിച്ചും ബജറ്റ് തയാറാക്കിയത് മുൻ സംഖ്യാ ഹെഡുകൾക് അനുസൃതമായാണോ എന്നതു സംബന്ധിച്ചും വിശദമായി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതാണെന്നും എ.എഫ്.എസ്, ബജറ്റ് ഹെഡുകളുടെ വ്യത്യാസമാണ് കാരണം എന്നും മറുപടി ലഭ്യമാക്കി.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 29.07.2022 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

3. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ 430100101- Opening Stock-Stores, 430100101-Closing Stock-Stores എന്നീ ഹെഡ്ഡുകൾ ഉൾപ്പെടുത്തിയിട്ടില്ല.

4. 2021-22 വർഷത്തെ B1 ഷെഡ്യൂളിലെ 311100199 Other Earmarked Special Funds എന്ന ഹെഡ്ഡിലെ തുക 40500/- ആണ്. ഇതേ തുക തന്നെയാണ് 2020-21 വർഷത്തെ B1 ഷെഡ്യൂളിലും ഉള്ളത്. 2 സാമ്പത്തിക വർഷവും ഈ ഹെഡ്ഡിലെ തുക മാറ്റമില്ലാതെ തുടരുന്നു.

5. B-4 ഷെഡ്യൂളിൽ വിവിധ ഗ്രാന്റ് തുകകൾ കാണുന്നു. 2020-21 വർഷത്തിലും ഇതേ തുകകൾ തന്നെയാണ് ഉള്ളത്. വിശദാംശങ്ങൾ താഴെ നൽകുന്നു.

| കോഡ് | ഇനം | തുക |
|---|---|---|
| 320100194 | Library Grant | 62270 |
| 320100197 | Literacy Scheme Grant | 34215 |
| 320300102 | Grant-Jalanidhi | 102726 |
| 320400199 | Grant-Other Financial Institutions | 200000 |
| 320700204 | Joint Venture-Block Panchayaths | 961425 |
| 320700405 | Joint Venture-District Panchayaths | 472264 |
| 320900101 | Donations To CMDRF | 56408 |

6. 2021-22 വർഷത്തെ ബാലൻസ് B-4 പ്രകാരം പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതമായ 75050/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ടി തുക ഏതൊക്കെ പ്രോജക്ടുകളുമായി ബന്ധപ്പെട്ടവയാണെന്നും ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണെങ്കിൽ അതിന് സ്വീകരിച്ച നടപടികളുടെ വിവരവും അറിയിച്ചിട്ടില്ല.

7. ഗ്രാമപഞ്ചായത്തിലെ കരാർ ജിവനക്കാർക്കുള്ള വേതനം, ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവ പ്രകാരമുള്ള മാർച്ച് 2022 ലെ ചെലവുകൾക്ക് ബാലൻസ്ഷീറ്റ് ബി-9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

8. ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിലെ തുകകൾ സർക്കാരിലേക്ക് ഒടുക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. പ്രസ്തുത തുക ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| കോഡ് | ഇനം | തുക |
|---|---|---|
| 350300101 | Govt And Other Dues Payable-library Cess | 741896 |

| | | |
|---|---|---|
| 350300103 | Govt And Other Dues Payable-VAT | 300 |
| 350300111 | Govt And Other Dues Payable-flood Cess | 6671 |
| 350300112 | Govt And Other Dues Payable-value Court Fee Stamp | 420 |

9. 2020-21, 2021-22 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക B-17, RP-40(b) എന്നിവ പരിശോധിച്ചതിൽ ഹെഡ് നം. 45210102 കോ-ഓപ്പറേറ്റീവ് അക്കൗണ്ട് 2310 (നീക്കിയിരിപ്പ്-335/- രൂപ) ഹെഡ് നം. 45210101 യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ-ലിറ്ററസി അക്കൗണ്ട് നം. 444702010006255 (നീക്കിയിരിപ്പ്-35822/- രൂപ) എന്നിവയുടെ നീക്കിയിരിപ്പിൽ മാറ്റമില്ല എന്ന കാണുന്നു. ടി അക്കൗണ്ടുകൾ ഏത് ആവശ്യത്തിനായി തുടങ്ങിയതാണെന്നുള്ള വിവരവും 2 വർഷമായി ഉപയോഗിക്കാത്തതിനുള്ള കാരണവും വ്യക്തമല്ല.

10. 2020-21, 2021-22 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക B-9 ഷെഡ്യൂളുകൾ പ്രകാരം ചുവടെ പറയുന്ന ഹെഡ്ഡുകളിൽ തുക അതു പോലെ തന്നെ നിലനിൽക്കുന്നതായി കാണുന്നു.

| കോഡ് | ഇനം | തുക |
|---|---|---|
| 350200106 | Recoveries Payable - GPAIS | 1200 |
| 350200119 | Recoveries Payable - Covid | 79398 |

മേൽ തുകകൾ ബന്ധപ്പെട്ട ഹെഡ്ഡുകളിൽ ഒടുക്കാതെ ഇപ്പോഴും നിലനിർത്തിയിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല.

11. 2021-22 വർഷത്തെ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന അഡ്വാൻസ് തുകകൾ അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| കോഡ് | ഇനം | തുക |
|---|---|---|
| 460100103 | Temporary Advance For Official Purposes | 166315* |
| 460100199 | Other Advances | 65567 |
| 460500499 | Advance To Accredited Agencies | 529215 |
| 460500501 | Advance To Implementing Officers | 1037381 |
| 460500801 | Advance To Mahathma Gandhi NREGA/AUEGS | 1133351 |
| 460509901 | Advance To Others | 96374 |

* 2020-21 വർഷം മുതൽ തുടരുന്നു.

12. വാർഷിക ധനകാര്യ പത്രിക, വിവിധ ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക്, റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ, ബാങ്ക് പാസ് ബുക്ക് എന്നിവ ഒത്തുനോക്കി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നം. | 31.03.22 ലെ നീക്കിയിരിപ്പ് | | |
|---|---|---|---|---|
| | | വാർഷിക ധനകാര്യ പത്രിക പ്രകാരം | ബാങ്ക് ബുക്ക് പ്രകാരം | റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചേർത്തിട്ടുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പ് |
| 1 | 799011400001863 | 10,88,260 | 10,88,260 | 10,00,000 |

13. വാർഷിക ധനകാര്യപത്രിക പ്രകാരം മെയിന്റനൻസ് ഫണ്ട് റോഡ് ഉപയോഗിച്ച് 474510/- രൂപയും, മെയിന്റനൻസ് ഫണ്ട് നോൺറോഡ് ഉപയോഗിച്ച് 3097110/- രൂപയും ആസ്തി രൂപീകരണത്തിനായി ചെലവഴിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | RP-7 | I-6 | വ്യത്യാസം |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് റോഡ് | 10697641 | 10223131 | 474510 |
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 9455381 | 6358271 | 3097110 |

പ്രസ്തുത തുകകൾ ഏതൊക്കെ പ്രവൃത്തികൾക്കായി ഉപയോഗിച്ചുവെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

14. ചുവടെ പറയുന്ന ഇനങ്ങളുടെ 2021-22 വർഷത്തെ ഡിസിബി സ്റ്റേറ്റ്മെന്റ്, ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ പ്രകാരമുള്ള തുകകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക കളക്ഷൻ | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കളക്ഷൻ |
|---|---|---|
| Profession Tax - Employees | 2201767 | 2158767 |

| | | |
|---|---|---|
| Property Tax – Residential Building (Current) | 3156770 | 2990391 |
| Property Tax –Non Residential Building (Current) | 3960583 | 3806552 |
| D & O Licence | 340250 | 240350 |

15. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (8486158), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (2836258) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

16. വാർഷിക ധനകാര്യ പത്രികയിൽ റസീപ്റ്റ് & പേയ്മെന്റിൽ ചുവടെ പറയുന്ന ചെലവുകൾ ഇനം തിരിച്ച് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

Establishment Expences

Administrative Expences

Operations & Maintenance

State Sponsered Scheme

Other Revenue Grants And Fiunds -Revenue Expences

Annual Plan Capital Expences(Infrastructure Sector)

Loans, Advances & Deposits

Other Assets

ആകെ ചെലവ് തുക 350109999 എന്ന ഹെഡിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ആയതിനാൽ ഇനം തിരിച്ച് പരിശോധനയ്ക്കുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

17. 2021-22 ലെ പാർട്ട് ബില്ലുകളുടെ റിപ്പോർട്ട് പ്രകാരം Capital Work In Progress 1483882/- രൂപയാണ്. എന്നാൽ എ.എഫ്.എസ് B11(b) ഷെഡ്യൂളിൽ 1058817/- രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

18. ലഭ്യമാക്കിയ ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല.

19. 2020-21 സാമ്പത്തിക വർഷത്തെ B-7, RP-33(വരവ്), RP-33(ചെലവ്), 2021-22 സാമ്പത്തിക വർഷത്തെ B-7 എന്നീ ഷെഡ്യൂളുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | Contractors EMD | 13490 | 0 | 0 | 13490 |
| 2 | Suppliers EMD | 205050 | 260728 | 0 | 465778 |
| 3 | Bidders EMD | 27050 | 20922 | 7972 | 40000 |
| 4 | Contractors Security Deposit | 2000 | 0 | 0 | 2000 |
| 5 | Suppliers Security Deposit | 22560 | 21490 | 0 | 44050 |
| 6 | Bidders Security Deposit | 3750 | 0 | 0 | 3750 |
| 8 | Other Deposit* | 13350 | 0 | 0 | 13458 |
| 9 | Other Deposit* | 11500 | 0 | 0 | 11550 |
| 10 | Contractors Retention | 50118 | 0 | 0 | 50118 |

* വാർഷിക കണക്കിൽ 340109901, 340200199 എന്നീ 2 ഹെഡ്ഡുകളിൽ Other Deposit എന്ന ഇനം ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ഡെപ്പോസിറ്റുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണമല്ലാത്തതിനാൽ മേൽ ഡെപ്പോസിറ്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരമുള്ള തുകകളിൽ 3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

20. B-9 ഷെഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിലെ 73950/- രൂപ നീക്കിയിരിപ്പുണ്ട്. കാലാവധി കഴിഞ്ഞ തുകകൾ വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

21. വാർഷിക ധനകാര്യ പത്രിക പ്രകാരം നിക്ഷേപ പ്രവൃത്തികൾക്ക് ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്.

| സ്ഥാപനം | 2020-21 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | 2021-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| കേരള വാട്ടർ അതോറിറ്റി | 9020450 | 9291450 |
| കെ.എസ്.ഇ.ബി | 137792 | 137792 |

എന്നാൽ സുലേഖ ചെലവ് പത്രികയുമായി ഒത്തുനോക്കി പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ കണ്ടെത്തി.

എ) സുലേഖ ചെലവ് പത്രിക പ്രകാരം 2021-22 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 75/22-ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി 475000/- രൂപ, 140/22 നം. പ്രോജക്ടിന് 1759000/- രൂപ, 150/22നം. പ്രോജക്ടിന് 981000/- രൂപ എന്നിങ്ങനെ ആകെ 3215000/- രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ ഡെപ്പോസിറ്റ് ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടില്ല (RP-49 ഷെഡ്യൂൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല). കൂടാതെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത പ്രസ്തുത തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

ബി) പ്രോജക്ട് നം.237/22 പ്രകാരം ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ 271000 രൂപയുടെ ചെലവും വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടില്ല.

സി) സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 5/22 ന്റെ ഭാഗമായി ആകെ 220099/- രൂപ കെ.എസ്.ഇ.ബിയ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ ഡെപ്പോസിറ്റ് ഹെഡ്ഡിൽ വന്നിട്ടില്ല. കൂടാതെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത പ്രസ്തുത തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

ഡി) സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 188/22 ന്റെ ഭാഗമായി ആകെ 805020/- രൂപ ഭൂജല വകുപ്പിന് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ വന്നിട്ടില്ല (RP-49 ഷെഡ്യൂൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല).

22. MGNRES ന്റെ വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി ഒത്തുനോക്കിയതിൽ ചുവടെ പറയുന്ന പൊരുത്തക്കേടുകൾ കണ്ടെത്തി.

എ. വാർഷിക ധനകാര്യപത്രികയിൽ I-14(C), I-14(F) എന്നിവ പ്രകാരമുള്ള ആകെ ചെലവ് തുക 63396683/- രൂപയാണ്. കൂടാതെ ടി തുക I-6 പ്രകാരമുള്ള വരവ് തുകയുമായി (62593000/-) പൊരുത്തപ്പെടുന്നില്ല.

ബി. റസീപ്റ്റ് & പേയ്മെന്റ് RP-30 ഷെഡ്യൂളിൽ MGNRES ന്റെ വരവ് ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ചെലവ് ഉൾപ്പെടുത്തുന്ന RP-20 Other Revenue Grants And Funds – Revenue Expences (P) ഷെഡ്യൂൾ റസീപ്റ്റ് & പേയ്മെന്റിൽ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ MGNRES ന്റെ ഭരണചെലവുകളുടെ വരവ്, ചെലവിന്റെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

സി. 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം 1133351/- രൂപ MGNRES ന് അഡ്വാൻസ് അനുവദിച്ചത് ക്രമീകരിക്കാൻ ഉള്ളതായി കാണുന്നു. 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിലും അതേ തുക തന്നെയാണ് ഉള്ളത്. എന്നാൽ MGNRES ന്റെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ അഡ്വാൻസ് തുക ലഭിക്കുന്നത് വരവായി ചേർക്കുന്നതായി കാണുന്നില്ല. ആയതിനാൽ എത്ര രൂപയാണ് ഇനി റീകൂപ്പ് ചെയ്യാൻ അവശേഷിക്കുന്നത് എന്നതും വ്യക്തമല്ല. ആയതിനാൽ 2021-22 വർഷം ആകെ എത്ര രൂപ MGNRES ന് അഡ്വാൻസ് ഇനത്തിൽ അനുവദിച്ചിട്ടുണ്ടെന്നും എത്ര രൂപ റീകൂപ്പ് ചെയ്തിട്ടുണ്ടെന്നും ഇനി ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ക്രമ നം.1 മുതൽ 8 വരെയുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.5/20.10.22 ന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

1. അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ ബന്ധപ്പെട്ട ഫയലിൽ പ്രത്യേകമായി സൂക്ഷിച്ചിട്ടുണ്ടെന്നും അക്കൗണ്ട്സിനോടൊപ്പം പ്രത്യേകമായി സമർപ്പിച്ചിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു.

2. പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി തയ്യാറാക്കിയിട്ടില്ല എന്ന് അറിയിച്ചിരിക്കുന്നു.

3. ബി-4 ഷെഡ്യൂളിൽ പരാമർശിച്ച ഹെഡ്ഡുകൾ ഉൾപ്പെടുത്തുന്നതിന് ഐ.കെ.എം ന് പ്രത്യേകം അപേക്ഷ സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

4. B1 ഷെഡ്യൂളിലെ 311100199 Other Earmarked Special Funds എന്ന ഹെഡ്ഡിലെ തുകയായ 40500/- രൂപ 2015-16 മുതൽ ക്യാരി ഓവർ ചെയ്തു വരുന്ന തുകയാണെന്ന് അറിയിച്ചിരിക്കുന്നു. പ്രസ്തുത തുക ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

5. B-4 ഷെഡ്യൂളിലെ വിവിധ ഹെഡ്ഡുകളിൽ ചിലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ ട്രഷറി ചെലാൻ മുഖേന തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

6. ബാലൻസ് B-4 പ്രകാരം പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതമായ 75050/- രൂപ 2019-20, 2020-21 വർഷങ്ങളിൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുമായി ബന്ധപ്പെട്ടതാണെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണെങ്കിൽ അതിന് സ്വീകരിച്ച നടപടികളുടെ വിവരവും അറിയിച്ചിട്ടില്ല.

7. മറുപടി തൃപ്തികരമല്ല. ഹെഡ് നം.350109999 – Amount Payable To Other Creditors ൽ ഉൾപ്പെടുത്തിയിട്ടുള്ളത് കരാർ ജീവനക്കാർക്കുള്ള വേതനം, ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവ പ്രകാരമുള്ള തൻവർഷത്തെ യഥാർത്ഥത്തിലുള്ള ചെലവുകളുടെ തുകയാണ്.

8. ബി-9 ഷെഡ്യൂളിലെ ഹെഡ് നം. 350300101 ലുള്ള ലൈബ്രറി സെസ് തുക 2022-23 വർഷത്തിൽ ഒടുക്കിയിട്ടുള്ളതായും ഒടുക്കുവാൻ അവശേഷിക്കുന്ന മറ്റ് തുകകൾ തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ലൈബ്രറി സെസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.9 മുതൽ 11 വരെയുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.7/22.10.22 ന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

9. കോ-ഓപ്പറേറ്റീവ് അക്കൗണ്ട് 2310 ഏത് ആവശ്യത്തിനായുള്ളതാണെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. എന്നാൽ 30.08.2016 ന ശേഷം പ്രസ്തുത അക്കൗണ്ടിൽ ഇടപാടുകൾ നടത്തിയിട്ടില്ലായെന്നും ആയതിനാലാണ് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ സാക്ഷരതാ മിഷന്റെ യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ-ലിറ്ററസി അക്കൗണ്ട് നം. 444702010006255 ലും 06.05.2017 ന ശേഷം ഇടപാടുകൾ നടത്തിയിട്ടില്ലായെന്നും നിലവിൽ ഇൻഡ്യൻ ബാങ്കിലുള്ള് അക്കൗണ്ടു വഴിയാണ് സാക്ഷരതയുമായി ബന്ധപ്പെട്ട വരവ് ചെലവുകൾ നടത്തുന്നതെന്നും അറിയിച്ചിരിക്കുന്നു. വർഷങ്ങളായി നിഷ്ക്രിയമായി കിടക്കുന്ന മേൽ അക്കൗണ്ടുകൾ ക്ലോസു ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ലിറ്ററസി അക്കൗണ്ടിൽ കിടക്കുന്ന തുക 35822/- രൂപ ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

10. 350200106 ഹെഡ്ഡിലെ നീക്കിയിരിപ്പ് തുക 2013-14 സാമ്പത്തിക വർഷത്തിൽ ജീവനക്കാരിൽ നിന്നും ഈടാക്കിയ തുകയാണെന്ന് അറിയിച്ചിരിക്കുന്നു. ഇപ്രകാരം 2013-14 ൽ റിക്കവറി ചെയ്ത തുക ബന്ധപ്പെട്ട ഹെഡ്ഡുകളിൽ ഒടുക്കാതെ ഇപ്പോഴും നിലനിർത്തിയിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്. എന്നാൽ ഓഡിറ്റ് അന്വേഷണം പ്രകാരം ആവശ്യപ്പെട്ട 350200119 നം. ഹെഡ്ഡിന്റെ നീക്കിയിരിപ്പ് തുകയായ 79398/- രൂപ സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

11. ലഭ്യമാക്കിയ മറുപടി പ്രകാരം ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള അഡ്വാൻസ് തുകകൾ മുൻവർഷങ്ങൾ മുതൽ നിലനിൽക്കുന്നതാണെന്നും മുൻവർഷങ്ങളിലെ അഡ്വാൻസുകളുടെ തിരിച്ചടവ് സംബന്ധിച്ച രേഖകളുടെ ലഭ്യതയ്ക്കനുസൃതമായി ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. അഡ്വാൻസ് തുകകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ക്രമ നം.12 പ്രകാരമുള്ള അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.8/22.10.22 ന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

79901140000l863 നം. അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക 10,00,000/- തന്നെയാണെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ 10,00,000/- നീക്കിയിരിപ്പ് കാണിക്കുന്ന ബന്ധപ്പെട്ട ബാങ്ക് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വാർഷിക ധനകാര്യപത്രികയിൽ നീക്കിയിരിപ്പ് 10,88,260/- എന്ന് തെറ്റായി ചേർത്തിട്ടുള്ളത് ഒഴിവാക്കി നീക്കിയിരിപ്പ് 10,00,000/- ആയി പരിഗണിക്കണമെന്ന് അറിയിച്ചിരിക്കുന്നു.

ക്രമ നം.13 മുതൽ 20 വരെയുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.47/28.10.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം.21 പ്രകാരമുള്ള അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.44/28.10.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം.22 പ്രകാരമുള്ള അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.53/29.10.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് വരും വർഷങ്ങളിൽ വാർഷിക ധനകാര്യ പത്രിക കുറ്റമറ്റതാക്കി തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റ് അപാകങ്ങൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കേണ്ടതും അപാകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19167635 | 19167635 | 25081800 | -5914165 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8713409 | 8713409 | 10235000 | -1521591 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | - | - | - | - |
| വികസനഫണ്ട് (CFC Tied) | 0 | 9004650 | 9004650 | 6795590 | 2209060 |
| വികസനഫണ്ട് (CFC Untied) | 0 | 6769971 | 6769971 | 5664088 | 1105883 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 11092435 | 11092435 | 10697641 | 394794 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 11147148 | 11147148 | 9455381 | 1691767 |

വികസന ഫണ്ട് ജനറൽ, എസ്.സി.പി. എന്നിവയുടെ ബാലൻസ് നെഗറ്റീവ് ആയത് വിശദീകരിക്കേണ്ടതാണ്. വിവിധ ഫണ്ട് ചെലവിനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | Grant Statement | 25081800 |
| | ACR | 19129240 |
| | Accounts | 19128040 |
| Development Fund (SCP) | Grant Statement | 8480893 |
| | ACR | 10235000 |
| | Accounts | 8480893 |
| Maintanance Fund (Road) | Grant Statement | 10697641 |
| | ACR | 10865000 |
| | Accounts | 10697641 |
| Development Fund (CFC Tied) | Grant Statement | 6795590 |
| | ACR | 6795590 |
| | Accounts | 8900769 |
| Development Fund (CFC UnTied) | Grant Statement | 5664088 |
| | ACR | 5664088 |
| | Accounts | 5840570 |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 43/28.10.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

എ) ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് (%) |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 13533952 | 5014862 | 37.05 |
| | പട്ടിക വർഗ്ഗം | 56000 | 0 | 0 |
| സേവനം | പൊതുവിഭാഗം | 76059525 | 44111623 | 58 |
| | പട്ടിക ജാതി | 47903350 | 14829717 | 31 |
| പശ്ചാത്തലം | പൊതുവിഭാഗം | 26685105 | 21654123 | 81.15 |
| | പട്ടിക ജാതി | 2380357 | 1345579 | 56.53 |

ബി) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018 ലെ സ.ഉ(അ)100/2018/ധന., 24.01.2019 ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 961425 |
| 2 | 320700405 | ജില്ലാ പഞ്ചായത്ത് | 472264 |
| 3 | 320700404 | ബ്ലോക്ക് പഞ്ചായത്ത് | 615601 |

സി) സർക്കാർ ഉത്തരവ് (കൈ) നം. 11/2018/ത.സ്വ.ഭ.വ. തീയതി 29.01.2018, ഖണ്ഡിക 6.1.1 പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം ഫണ്ടുകൾ പാഴാക്കാൻ പാടില്ല. 2021-22 വർഷം വകയിരുത്തിയ ചുവടെ പറയുന്ന എസ്.സി.പി. ഫണ്ട് തൻവർഷം ചെലവഴിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം. | പദ്ധതി പേര് | അടങ്കൽ (ഫണ്ട്) | പദ്ധതി ഏറ്റെടുത്ത നിർവഹണോദ്യോഗസ്ഥൻ |
|---|---|---|---|
| 167/22 | പേരയത്തുമുകൾ-പള്ളിനട എസ്.സി. റോഡ് കോൺക്രീറ്റിംഗും സൈഡ് വാൾ നിർമ്മാണവും | 1034778 (എസ്.സി.പി) | അസി. എഞ്ചിനീയർ |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 43/28.10.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗരേഖ പ്രകാരവും സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായും പാലിച്ച് പദ്ധതി തുക വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

എ) പ്രോജക്ട് നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 6 | 4 | 2 | 67 | 3231605 | 991800 | 30.7 |
| Ii | വെറ്ററിനറി സർജൻ | 12 | 7 | 5 | 58 | 6157500 | 1097556 | 17.8 |
| Iii | മെഡിക്കൽ ഓഫീസർ - PHC | 10 | 9 | 1 | 90 | 6230938 | 6013011 | 96.5 |
| Iv | മെഡിക്കൽ ഓഫീസർ - ആയുർവേദം | 4 | 4 | 0 | 100 | 1450000 | 1450000 | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| V | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 0 | 3 | 0 | 1210620 | 0 | 0 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 13 | 12 | 1 | 92 | 42995023 | 9251937 | 21.52 |
| Vii | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 7 | 7 | 0 | 100 | 30926000 | 9788496 | 31.65 |
| Viii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 8 | 0 | 100 | 7878000 | 7020545 | 89.12 |
| Ix | സെക്രട്ടറി | 38 | 30 | 8 | 79 | 27129314 | 21179291 | 78.07 |
| X | എച്ച്.എം. | 7 | 5 | 2 | 71 | 2488000 | 2083713 | 83.75 |
| Xi | അസിസ്റ്റന്റ് എഞ്ചിനീയർ | 70 | 60 | 10 | 86 | 33622880 | 25423395 | 75.61 |
| Xii | ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 100 | 1546727 | 1473871 | 95.29 |
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 1 | 89 | 1751682 | 1182289 | 67.49 |
| | ആകെ | 188 | 155 | 33 | 82 | 166618289 | 86955904 | 52.19 |

1) ആകെ വകയിരുത്തിയതിന്റെ 52 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

2) കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II, ഫിഷറീസ് സബ് ഇൻസ്പെക്ടർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ വകയിരുത്തിയ ഫണ്ടിന്റെ 50 ശതമാനത്തിൽ താഴെയാണ് തൻവർഷം ചെലവഴിച്ചത്.

എ) പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയ ഫിഷറീസ് സബ് ഇൻസ്പെക്ടർ പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പാക്കിയില്ല.

ബി) തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ തുക |
|---|---|---|---|---|
| I | SO178/22 | ആശ്രയ ഭവന പുനരുദ്ധാരണം | വിഇഒ | 50000 |
| Ii | SO167/22 | പേരയത്തുമുകൾ-പള്ളിനട എസ്സി റോഡ് കോൺക്രീറ്റും സൈഡ് വാൾ നിർമ്മാണവും -വാർഡ് 13 | അസി. എഞ്ചിനിയർ | 1034778 |

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 50/29.10.22 ന് ഭാഗികമായ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതു പ്രകാരം 'ആശ്രയ ഭവന പുനരുദ്ധാരണം' സ്പിൽ ഓവർ പദ്ധതിയിൽ അവശേഷിക്കുന്ന ഒരേ ഒരു ഗുണഭോക്താവ് പണി പൂർത്തിയാക്കി വാല്യുവേഷൻ ലഭ്യമാക്കാത്തതിനാലാണ് പദ്ധതി നടപ്പാക്കാൻ കഴിയാത്തതെന്ന് അറിയിച്ചിരിക്കുന്നു.

ബി) പദ്ധതി ആസൂത്രണം

1. ആസൂത്രണ സമിതി

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.018 ഖണ്ഡിക 3.1.1(ബി) പ്രകാരം പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ 30.01.21, 16.02.21, 09.09.21 തീയതികളിൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും മേൽ ചുമതലകൾ നിർവ്വഹിച്ചിട്ടുള്ളതായി കാണുന്നില്ല. പദ്ധതി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. അപ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കിയിട്ടില്ല.

2. വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക്

ഉള്ളത്. വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 2021-22 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 01.02.21, 15.02.21 തീയതികളിൽ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. പ്രസ്തുത മീറ്റിംഗിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്ക്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 48/29.10.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ പരിധിയിലുള്ള വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന വിവിധ ഗ്രാന്റു തുകകൾ സർക്കാർ ഉത്തരവുകൾ, മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് പൂർണമായും ഫലപ്രദമായും ചെലവഴിക്കുന്നതിന് കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-5 ക്ഷേമ പദ്ധതികളുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4887200 | 301 |
| വിധവാപെൻഷൻ | 32047500 | 2102 |
| വാർദ്ധക്യകാല പെൻഷൻ | 64634200 | 4482 |
| വികലാംഗ പെൻഷൻ | 7610100 | 507 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 542400 | 35 |
| വിവാഹ ധനസഹായം | 1020000 | 34 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി വരുന്നു.

ലഭ്യമാക്കിയ 2021-22 മരണറിപ്പോർട്ടിൽ നൂറോളം റിപ്പോർട്ടുകളിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 1 | Aboobakar | 807958007582 | 102540202122 | Old Age Pension | 16.10.2021 | Suspended | Nov 2021 To June 2022 | 12800 |
| 2 | Ravi P | 886074581124 | 102540400444 | Disability Pension | 20.10.2021 | Suspended | Nov 2021 To June 2022 | 12800 |
| 3 | Abida Beevi | 451094664415 | 102540203274 | Old Age Pension | 18.10.2021 | Suspended | Nov 2021 To June 2022 | 12800 |
| 4 | Sudarsanan S (Nellanad Gramapanchayath) | 217372130712 | 102480203442 | Old Age Pension | 10.12.2021 | Active | January2022 To September2022 | 12600 |
| 5 | Thaha Beevi | 299264476462 | 102540601646 | Widow Pension | 30.11.2021 | Suspended | November2021 To April2022 | 9600 |
| 6 | Achamma Abraham A | 587254488691 | 102540202565 | Old Age Pension | 25.12.2021 | Suspended | January 2022 To June 2022 | 9600 |
| 7 | Abdul Rahim | 409347977608 | 102540201637 | Old Age Pension | 17.05.2021 | Suspended | June 2021 To September2021 | 6400 |
| 8 | Thankappan Pillai | 311264908867 | 102540200878 | Old Age Pension | 3.05.2021 | Suspended | June 2021 To September2021 | 6400 |
| 9 | Vasantha C | 752240765239 | 102670203746 | Old Age Pension | 26.05.2021 | Suspended | July 2021, August2021 | 3200 |
| 10 | Vasanthi S | 660889392250 | 102540203128 | Old Age | 20.04.2021 | Active | May 2021 To | 27200 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | Pension | | | September2022 | |
| 11 | Rajamma | 650515291523 | 102540200309 | Old Age Pension | 30.05.2021 | Active | June 2021 To June 2022 | 20800 |
| 12 | Asokan M | 608711395348 | 10254040023 | Disability Pension | 20.6.2021 | Active | July 2021 To September2022 | 24000 |
| 13 | Appukkuttan Nair | 271398938024 | 102670100218 | Agriculture Labour | 19.06.2021 | Active | July 2021 To September2022 | 24000 |
| 14 | Shahudeen M | 249634445895 | 102540200126 | Old Age Pension | 30.6.2021 | Active | July 2021 To September2022 | 24000 |
| 15 | Rafeek.M (Kizhuvilam GP) | 789443990265 | 102440202853 | Old Age Pension | 24.05.2021 | Active | June 2021 To September2022 | 25600 |
| 16 | ARIFA BEEVI (Thiruvananthapuram Corporation) | 774901257827 | 101670612819 | Widow Pension | 25.02.2021 | Active | March2021 To September2022 | 30400 |
| 17 | Sarada | 842383765747 | 102540203285 | Old Age Pension | 18.07.2021 | Suspended | August2021, September2021 | 3200 |
| 18 | Kurumba | 429960758077 | 102480600861 | Widow Pension | 24.07.2021 | Active | August2021 To September2022 | 22400 |
| | Total | | | | | | | 287800 |

ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ തുക സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 49 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-6 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.03.2022 | 01.01.2022 മുതൽ 31.07.2022 വരെ | 29.03.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.01.2017 | 2011-12 മുതൽ 2015-16 വരെ | 11.07.2017 |

## 1-7 ആഭ്യന്തര നിയന്ത്രണം

1) ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ നടത്തുന്നുണ്ട്.

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2021 ൽ പ്രസിദ്ധീകരിച്ച പൗരാവകാശരേഖയുടെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

3) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

സി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്ന എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.
4) ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.
ടി അപാകങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ 22-10-2022- ൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5794/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1000 | 209413 | 210413 | 210413 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 63186270 | 63186270 | 63186270 | 0 |
| ആകെ | 1000 | 63395693 | 63396683 | 63396683 | 0 |

## 1-10 ലൈസൻസ്- അപേക്ഷകൾ പൂർണമല്ല

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷയിൽ പ്രസ്തുത കോളം ഒഴിവാക്കിയാണ് ഭൂരിഭാഗം അപേക്ഷകരും അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 22 ന് മേൽ ഉത്തരവ് പ്രകാരമുള്ള ലൈസൻസ് ഫീസ് ആണ് വാങ്ങുന്നതെന്നും അപേക്ഷകൾ പൂർണ്ണമാണോ എന്ന് പരിശോധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

## 1-11 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

1. പരിശോധനയ്ക്ക് ഹാജരാക്കിയ 2021-22 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 21 വാർഡുകളിലായി 403 വ്യാപാരസ്ഥാപനങ്ങളാണുള്ളത്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 610 വ്യാപാരസ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിരിക്കുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2021-22 വർഷം ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ട ക്രമ നം. 1 മുതൽ 20 വരെയുള്ള സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | വാർഡ് നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 10/352 | മുഹമ്മദ് സലിം എ | പലചരക്ക് വ്യാപാരം |
| 2 | 9/252 | രമേശൻ വി | ആയുർവേദ അങ്ങാടി മരുന്ന് |
| 3 | 4/389 | സുരേന്ദ്രൻ നായർ സി | പ്രൊവിഷൻ സ്റ്റോർ |
| 4 | 10/217 | സയന എസ് | പ്രൊവിഷൻ സ്റ്റോർ |
| 5 | 12/116 | ആർ ഗോപിനാഥൻ | വെൽഡിംഗ് |
| 6 | 4/717 | രവീന്ദ്രൻ നായർ | സ്റ്റേഷനറി സ്റ്റോർ |
| 7 | 10/991 | എം സലാഹുദ്ദീൻ ഹാജി | മുബാറക് സർവീസ് സ്റ്റേഷൻ & ലൂബ്രിക്കൻസ് |
| 8 | 9/705A | ജയശീലൻ | തിരുവാതിര എൻജിനീയറിംഗ് വെൽഡിംഗ് വർക്ക്ഷോപ്പ് |
| 9 | 11/125 | അബ്ദുൾ റഷീദ് എസ് | പ്രൊവിഷൻ സ്റ്റോർ |
| 10 | 10/453 | കൃഷ്ണൻ ചെട്ടിയാർ | സ്റ്റേഷനറി സ്റ്റോർ |
| 11 | 10/377 | ഷാഹുൽ ഹമീദ് | പണയിൽ മെഡിക്കൽസ് |

2.

സഞ്ചയ പ്രകാരം താഴെപ്പറയുന്ന പ്രകാരമുള്ള 2954 സ്ഥാപനങ്ങൾ പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം 610 സ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്തു പരിധിയിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്.

| ക്രമ നമ്പർ | ഇനം | സഞ്ചയ പ്രകാരമുള്ള റിക്കോർഡ്സിന്റെ എണ്ണം |
|---|---|---|
| 1 | ഇതര വ്യവസായങ്ങൾക്കാവിശ്യമുള്ളവ | 41 റിക്കോർഡ്സ് |
| 2 | ഓഫീസ് ആവിശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 86 റിക്കോർഡ്സ് |
| 3 | വാണിജ്യാവിശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 65 റിക്കോർഡ്സ് |
| 4 | വാണിജ്യാവിശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 107 റിക്കോർഡ്സ് |
| 5 | വാണിജ്യാവിശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 2512 റിക്കോർഡ്സ് |
| 6 | വാണിജ്യാവിശ്യത്തിനുള്ള ബങ്കുകൾ, പെട്ടികടകൾ, കംപ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷനുകൾ | 8 റിക്കോർഡ്സ് |
| 7 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമാ തീയറ്റർ | 15 റിക്കോർഡ്സ് |
| 8 | വാണിജ്യാവിശ്യത്തിനുള്ള 200 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 8 റിക്കോർഡ്സ് |
| 9 | വ്യവസായങ്ങൾക്കാവിശ്യമുള്ളവ – കൈത്തറി ഷെഡ്, കയറുപിരി ഷെഡ് | 112 റിക്കോർഡ്സ് |
| | ആകെ | 2954 |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 22 ന് ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നതാണെന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

ഗ്രാമപഞ്ചായത്തിലുള്ള 21 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-12 റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2021-22 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചു നൽകിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.02.2019 ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 22 ന് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും ലൈസൻസ് എടുക്കുന്നതിനുള്ള നോട്ടീസ് നൽകാറുണ്ടെന്നും എന്നാൽ ലൈസൻസ് എടുക്കാറില്ലെന്നുമാണ് മറുപടി ലഭ്യമാക്കിയത്. പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ഗ്രാമസഭ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ച് ചേർക്കേണ്ടതാണ്. എന്നാൽ 2021-22 ൽ ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിലും ഒരു തവണ വീതം മാത്രമാണ് ഗ്രാമസഭകൾ സമ്മേളിച്ചിട്ടുള്ളത്. 2022 ജനവരി മാസം നടന്ന ഗ്രാമസഭായോഗത്തിന്റെ പ്രധാന അജണ്ട 2022-23 വർഷത്തെ പദ്ധതി രൂപീകരണം, 2022-23 വർഷത്തെ 15-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപപദ്ധതി രൂപീകരണം, 2021-22 ഗുണഭോക്തൃലിസ്റ്റ് സാധൂകരണം, അതിദാരിദ്ര്യ നിർണയ പത്രിക-പട്ടിക അംഗീകാരം, 2022-23 MGNREGS-ആക്ഷൻ പ്ലാനും ലേബർ ബജറ്റ് അംഗീകാരവും എന്നിവയായിരുന്നു. എന്നാൽ ഗ്രാമസഭകളിൽ പദ്ധതി അവലോകനം സംബന്ധിച്ച ചർച്ചകൾ നടത്തുന്നതായി കാണുന്നില്ല.
മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.48/29.10.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. ലഭ്യമാക്കിയ വികസന രേഖ പ്രകാരം 1529 നായകൾ പഞ്ചായത്ത് പരിധിയിൽ ഉണ്ട്. ലൈസൻസുള്ള നായകളുടെ എണ്ണം റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. അതിൽ തെരുവ് നായകൾ 950 എണ്ണമാണുള്ളത്. പരിശോധനയ്ക്ക് ലഭ്യമാക്കിയത് 6 വളർത്തുനായകളുടെ ലൈസൻസിനുള്ള അപേക്ഷകൾ മാത്രമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ 30ന് വളർത്തു നായകൾക്കുള്ള ലൈസൻസ് എടുക്കുന്നതിനു വ്യാപകമായ പ്രചാരണ പരിപാടികൾ നടത്താറുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ 2022 - 23 സാമ്പത്തിക വർഷത്തിൽ 200 വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. വളർത്തു നായകൾക്കുള്ള ലൈസൻസ് രജിസ്റ്റർ കാലികമാക്കുന്നതോടൊപ്പം വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം വെറ്റിനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് വളർത്ത് നായകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-15 യന്ത്രത്തിന്റെ ഫീസ് ഈടാക്കുന്നതിൽ അപാകത

യന്ത്രത്തിന്റെ ഫീസ് ഈടാക്കുന്നതിൽ അപാകത

1. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസിനുള്ള അപേക്ഷകളിൽ 1 മുതൽ 100 വരെയുള്ള അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപേക്ഷകരിൽ നിന്നും യന്ത്രത്തിന്റെ ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|---|
| 1 | 5/642 A | അനന്ദു ജെ എസ് | സൗപർണിക ഓയിൽ & ഫ്ളവർ മിൽ | 27 HP | 300 |
| 2 | 10/991 | എം സലാഹുദ്ദീൻ | മുബാറക് സർവീസ് സ്റ്റേഷൻ | 2HP | 50 |
| 3 | 9/3 | സുബൈർകുഞ്ഞ് | തട്ടാംവിളാകത്ത് ഫ്ളവർ മിൽ | 17.5HP | 200 |
| 4. | 5/39A | രാധാകൃഷ്ണൻ നായർ സി | കൃഷ്ണ ഹെവി ഹൈഡ്രോളിക്സ് സിമന്റ് ബ്ലോക്ക് | 5HP | 100 |
| 5 | 14/288 | സന്തോഷ് കുമാർ ഡി | കേരള എൻജിനീയറിംഗ് വർക്ക്സ് | 3HP | 50 |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 30 ന് പരാമർശിത സ്ഥാപന ഉടമകൾക്ക് തുക ഒടുക്കുന്നതിനുള്ള കത്ത് അയച്ചിട്ടുണ്ടെന്നും അയച്ചതിന്റെ പകർപ്പും ലഭ്യമാക്കി. പ്രസ്തുത തുകകൾ ഒടുക്കുന്ന മുറയ്ക്ക്

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ബാക്കിയുള്ള അപേക്ഷകൾ കൂടി പരിശോധിച്ച് ആയത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മുഹമ്മദ് അസ്ഹർ എ, 9/761 എന്നയാളുടെ റൈസ് & ഓയിൽ മില്ലിനു വേണ്ടിയുള്ള അപേക്ഷയിൽ യന്ത്രങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് രേഖപ്പെടുത്തലുകളൊന്നും തന്നെ ഇല്ല. അന്വേഷണ റിപ്പോർട്ടിലും യന്ത്രങ്ങളെ പറ്റി പറയുന്നില്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 30 ന് ടിയാളുടെ സ്ഥാപനത്തിലെ യന്ത്രസാമഗ്രികളുടെ കുതിരശക്തി എത്രയാണെന്ന് അറിയിക്കുന്നതിനു വേണ്ടി കത്ത് നൽകിയിട്ടുണ്ടെന്നും കുതിരശക്തി കണക്കാക്കി ആവശ്യമായ ഫീസ് ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

## 1-16 വസ്തു നികുതി-അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2021-2022 വർഷത്തെ വസ്തു നികുതി സംബന്ധിച്ച റിപ്പോർട്ടുകൾ സഞ്ചയയിൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-16-1 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ - സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചപ്പോൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലായെന്ന് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്കും നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. 2 മുതൽ 5 വരെയുള്ള വാർഡുകൾ പരിശോധിച്ചതിൽ നിന്നുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 2/291B | Thankamani/ Markose, Kappikkunnil Veedu, Chelayam |
| 2 | 5/294A | Viswambharan, Kachivilakathu Veedu |
| 3 | 5/326A | Santha, Valathil Veedu |
| 4 | 5/522A | Sheeja S, Miracle |
| 5 | 5/549A | Anjana, Anjana Vilasam |
| 6 | 5/603B | Geetha V, Pooram |
| 7 | 4/170F | Madhu, Mulamkunnil Veedu |
| 8 | 4/176B | Ambika, Karikkulam |
| 9 | 4/293A | Venu, Varuvilakathu Veedu |
| 10 | 3/150A | Prassanna Kumari, Darshanam |
| 11 | 3/276A | Anitha, Araavindalayam |
| 12 | 3/443A | K Shantha, Eenchakkuzhi Veedu |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 45ന് മറുപടി ലഭ്യമാക്കിയില്ല.

## 1-16-2 മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതലാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിൽ 2 മുതൽ 5 വരെയുള്ള വാർഡുകൾ മാത്രം പരിശോധിച്ചതിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | പേര് /വിലാസം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 2/200 | Ammukkutty Amma, Thamarabhagathu Veedu | 2014 ഒന്നാം അർദ്ധവാർഷികം മുതൽ |

| | | | |
|---|---|---|---|
| 2 | 2/228 | Thankamani, Rahul Vilasam | 2013 ഒന്നാം അർദ്ധവാർഷികം മുതൽ |
| 3 | 2/360A | Vima, Krishnavilasam | 2014 ഒന്നാം അർദ്ധവാർഷികം മുതൽ |
| 4 | 5/193 | Anvar Jahan, Anvar Manzil | 2013 ഒന്നാം അർദ്ധവാർഷികം മുതൽ |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 45ന് മറുപടി ലഭ്യമാക്കിയില്ല.

## 1-16-3 ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).144/15/തസ്വഭവ, തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വ ഭവ, തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ 2 മുതൽ 5 വരെയുള്ള വാർഡുകൾ മാത്രം പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 5/85 | Sarojini Amma, Shaji Bhavan |
| | 5/86 | Sarojini Amma, Shaji Bhavan |
| 2 | 5/334 | Surendrakumar, Layanam |
| | 5/334A | Surendrakumar, Layanam |
| 3 | 2/605 | Remadevi, Lijunivas |
| | 2/606 | Remadevi, Lijunivas |
| 4 | 4/461A | Yashodha Pisharasya, Lekshmipurath Pisharam |
| | 4/462 | Yashodha Pisharasya, Lekshmipurath Pisharam |
| 5 | 3/23 | Indira,Kalasadhanam |
| | 3/23A | Indira,Kalasadhanam |
| 6 | 3/375A | Minimol P, Adwaith Bhavan |
| | 3/375B | Minimol P, Adwaith Bhavan |
| 7 | 3/545 | Raveendran, Alummood Puthen Veedu |
| | 3/546 | Raveendran, Alummood Puthen Veedu |
| 8 | 3/628 | Gomathy Amma P, Krishnavilasam |
| | 3/630A | Gomathy Amma P, Krishnavilasam |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 45ന് മറുപടി ലഭ്യമാക്കിയില്ല.

## 1-16-4 ടെലഫോൺ ടവർ -വസ്തു നികുതി കുടിശ്ശിക

താഴെപ്പറയുന്ന ടെലഫോൺ ടവറിന്റെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നികുതി ഒടുക്കുന്നതിൽ കുടിശ്ശിക കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമ/സ്ഥാപനം | വാർഷിക നികുതി | കുടിശ്ശിക |
|---|---|---|---|---|
| 1 | 5/852/B | TVS, India Telecom Ltd, Elamakkara | 14985 | 160740 (2012 ഒന്നാം അർദ്ധ വർഷം മുതൽ) |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 45ന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക ഈടാക്കി അറിയിക്കേണ്ടതാണ്.

ഖണ്ഡികയിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി- അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ 2021-2022 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച റിപ്പോർട്ടുകൾ പരിശോധിച്ചതിൽ

കണ്ടെത്തിയ അപാകങ്ങൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-17-1 തൊഴിൽ നികുതി ഒടുക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ തൊഴിൽനികുതി ഒടുക്കിയതിന്റെ രസീതു നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | Triveni Supermarket | I Half |
| 2 | GVHSS Pirappancode | II Half |
| 3 | Muthoot Fincorp, Vembayam | II Half |
| 4 | CBC Honda, Vembayam | II Half |

മേൽ അപാകം സംബന്ധിച്ച് നൽകിയ എൻക്വയറി 32 ന് പരാമർശത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട കത്ത് നല്കിയിട്ടുണ്ടെന്നും ആയതിന്റെ പകർപ്പും ലഭ്യമാക്കി. തൊഴിൽ നികുതി ഒടുക്കിയിട്ടില്ലായെങ്കിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-17-2 സമയപരിധിക്കുള്ളിൽ തൊഴിൽ നികുതി ഒടുക്കിയില്ല - പിഴ പലിശ ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ സമയപരിധിക്കുള്ളിൽ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. കാലതാമസം നേരിട്ടിട്ടുണ്ട്. എന്നാൽ ആയതിന്റെ പിഴ പലിശ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | കാലയളവ് | തൊഴിൽ നികുതി തുക | തൊഴിൽ നികുതി ഒടുക്കിയ തീയതി | തൊഴിൽ നികുതി ഒടുക്കേണ്ടിയിരുന്ന അവസാന തീയതി |
|---|---|---|---|---|---|
| 1 | Kerala State Coperrativ Bank Ltd, Vembayam | I Half | 6250 | 1/10/21 | 31/08/2021 |
| 2 | BDO(VEO) Vamanapuram | II Half | 3750 | 31/03/22 | 28/02/2022 |
| 3 | Govt UPS Parackal | I Half | 141000 | 30/09/21 | 31/08/2021 |
| 4 | Kerala State Bevarages Corporation | I Half | 11250 | 03/11/2021 | 31/08/2021 |
| 5 | Limas Enterprises, Velavoor | I Half | 6230 | 02/11/21 | 31/08/2021 |
| 6 | CSB Bank, Thekkada | I Half | 6750 | 06/11/21 | 31/08/2021 |

മേൽ അപാകം സംബന്ധിച്ച് നൽകിയ എൻക്വയറി 32 ന് പരാമർശത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾക്ക് പിഴപ്പലിശ ഒടുക്കുന്നതിനുള്ള കത്ത് നല്കിയിട്ടുണ്ടെന്നും ആയതിന്റെ പകർപ്പും ലഭ്യമാക്കി പിഴപ്പലിശ ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-17-3 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ്

ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

പഞ്ചായത്തിന്റെ 2021-22 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 205 പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് ജീവനക്കാരുടെ വേതന വിവരങ്ങൾ ഉൾപ്പെട്ട പത്രിക വാങ്ങി 2021-22 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | International Swimming Pool | 12 |
| 2 | Devaswom Board Subgroup | 8 |
| 3 | Telephone Exchange, Plackeezhu | 8 |
| 4 | MSCB, Pirappancode, Vembayam, Koliyakkode, Paracka l | 20 |

മേൽ അപാകം സംബന്ധിച്ച് നൽകിയ എൻക്വയറി 32 ന് പരാമർശത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-17-4 സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | Muthoot Fincorp | I Half |
| 2 | Muthoot Finance, Vembayam | II Half |
| 3 | Kaviyadu College Of Engineering | I & II Half |
| 4 | Canara Bank, Vembayam | I & II Half |
| 5 | Canara Bank, Thycaud | II Half |
| 6 | DDRC SRL, Kanyakulangara | I & II Half |
| 7 | Oxford Model School | I & II Half |
| 8 | The Federal Bank Ltd | I Half |
| 9 | Muthoot Fincorp, Vembayam | I & II Half |
| 10 | Limas Enterprises, Velavoor | I & II Half |
| 11 | Ayurveda Sidha Marma Vaidyasala | I & II Half |
| 12 | St Johns Community Hospital, Pirappancode | I & II Half |
| 13 | St Johns Health Service | I & II Half |
| 14 | Happy Land Amusement Park | I & II Half |
| 15 | KLM Axiva Finance | I & II Half |
| 16 | CBC Honda, Vembayam | I Half |
| 17 | Sreevalsam Residency, Vembayam | I & II Half |
| 18 | Santhigiri Ashram | I & II Half |
| 19 | Ashraya Special School | I & II Half |
| 20 | Reliance Retail Ltd | II Half |

മേൽ അപാകം സംബന്ധിച്ച് നൽകിയ എൻക്വയറി 32 ന് പരാമർശത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾക്ക് സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നതിനുള്ള കത്ത് നല്കിയെന്നറിയിച്ചു. ആയതിന്റെ പകർപ്പും ലഭ്യമാക്കി. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – 625000 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലനം |
| പദ്ധതി നമ്പർ | 38/22 |
| പദ്ധതി അടങ്കൽ | 625000 (വികസന ഫണ്ട് പൊതുവിഭാഗം)<br>625000 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>1250000 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 625000 (വികസന ഫണ്ട് പൊതുവിഭാഗം) |
| ബിൽ നം./തീയതി | 02/03.12.21 തുക – 562500<br>03/17.01.21 തുക - 62500 |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

എ) പഞ്ചായത്തിലെ 4 മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്കു കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുക എന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. പദ്ധതി നടത്തിപ്പിനായി 2 തവണയായി ആകെ 625000/- രൂപ എസ്എൽബിപി ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

ബി) സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗ്ഗരേഖയിലെ ഖണ്ഡിക2.12.2 പ്രകാരം മൃഗസംരക്ഷണ മേഖലയിൽ ആനുകൂല്യത്തിന് ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ അധികരിക്കരുത്. കൂടാതെ ബന്ധപ്പെട്ട പ്രോജക്ട് രൂപീകരണ ഫോറം ക്രമ നം.28 ലും പ്രസ്തുത വരുമാന പരിധി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ താഴെയാണെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ രേഖകൾ അടക്കമുള്ള അപേക്ഷകളോ മറ്റ് അനുബന്ധ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സി) പ്രോജക്ടിന്റെ ലക്ഷ്യമായി ഉൾപ്പെടുത്തിയിട്ടുള്ള കന്നുകുട്ടികളുടെ ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 2/19.10.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 625000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ പ്രോജക്ടുമായി ബന്ധപ്പെട്ട അപേക്ഷ അടക്കമുള്ള എല്ലാ രേഖകളും എസ്എൽബിപി ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലാണെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. ആയത് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഭാവിയിൽ പരിശോധനയ്ക്ക് ആവശ്യമായ എല്ലാ രേഖകളും ഓഡിറ്റ് സമയത്ത് തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 രസീത് പരിശോധന നടത്തിയപ്പോൾ കണ്ടെത്തിയ അപാകങ്ങൾ

രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 2842 എന്ന രസീത് ബുക്കിലെ ഒന്നാം നമ്പർ രസീതു മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

2. 2842, 2843, 2845 രസീതു ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

3. രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഉപയോഗിക്കാത്ത രസീതുകൾ സാമ്പത്തിക വർഷം അവസാനം സറണ്ടർ ചെയ്തതായി കാണുന്നില്ല.

മേൽ അപാകം സംബന്ധിച്ച് നൽകിയ എൻക്വയറി 42 ന് മേൽ പറഞ്ഞ രസീത് ബുക്കുകൾ ക്യാൻസൽ ചെയ്യുകയും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയും പരിശോധനയ്ക്ക് ഹാജരാക്കി. വരും വർഷങ്ങളിൽ രസീതുകൾ പരിപാലിക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-20 ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി-അപാകങ്ങൾ

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പദ്ധതി, നമ്പർ, പേര് | 75, ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി |
| അടങ്കൽ തുക | 475000/- രൂപ<br>പൊതുവിഭാഗം സാധാരണ വിഹിതം |
| ബിൽ നമ്പർ/<br>ചെലവ് തുക | 175 /21-22, 26/10/21<br>475000/- രൂപ |
| നിർവ്വഹണ എജൻസി- | -KWA |

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതിയിൽ അംഗമാകാൻ അടങ്കൽ തുകയുടെ 15% പഞ്ചായത്ത് വിഹിതമായും, 10% പഞ്ചായത്തിൽ ഒടുക്കു വരുത്തുന്ന ഗുണഭോക്തൃവിഹിതമായും വകയിരുത്തിയാണ് ടി പദ്ധതി മുൻവർഷം തയ്യാറാക്കിയത് എന്ന് ഫയൽ പരിശോധനയിൽ വ്യക്തമാകുന്നു. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

(A) തൻവർഷത്തെ അംഗീകൃത പ്രോജക്ട് പ്രകാരം, പഞ്ചായത്തിൽ ഒടുക്കു വരുത്തുന്ന ഗുണഭോക്തൃവിഹിതമായി, തുകയൊന്നും വകയിരുത്തിയിട്ടില്ല.
(B) പദ്ധതി നടത്തിപ്പിനായി, KWA യുമായി എഗ്രിമെന്റ് വയ്ക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്.
(C) ടി പദ്ധതിയുടെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ ഇല്ല.
(D) നാളിതുവരെ കുടിവെള്ള കണക്ഷൻ ലഭിച്ചവരുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.
(E) മുൻവർഷങ്ങളിൽ ഗുണഭോക്തൃവിഹിതമായി, തുക ഈടാക്കിയതിന്റെയോ, KWA യിൽ ഒടുക്കുവരുത്തിയതിന്റെയോ വിവരം ഫയലിൽ ലഭ്യമല്ല.
(F) KWA യ്ക്കു നൽകിയ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യ പത്രം ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.
ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/22.10.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നില്ലായെന്നും എത്ര പേർക്ക് ഗാർഹിക കണക്ഷൻ അനുവദിച്ചിട്ടുണ്ട് എന്ന വിവരം ജലജീവൻ മിഷനിൽ നിന്നും ലഭ്യമായിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു.

## 1-21 ജി.എസ്.ടി- ഇൻകം ടാക്സ് -ടി.ഡി.എസ് ഈടാക്കിയില്ല

(എ) കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017 വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13.09.2018-ലെ 50/2018-Central Tax വിജ്ഞാപനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് 24(vi) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി പിടിക്കാൻ ബാധ്യസ്ഥരായവർ നിർബന്ധമായും Tax Deductor രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. സ.ഉ(പി)162/2018/ധന തീയതി 22.10.2018 പ്രകാരം ടി.ഡി.എസ് പിടിച്ച് അടവാക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുമുണ്ട്. മാണിക്കൽ ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം, വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി താഴെ പറയുന്ന വിധം വാങ്ങലുകൾ നടത്തിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം, പേര് | വിതരണ സ്ഥാപനം | തുക (രൂപ) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 6/22, തെരുവുവിളക്ക് പരിപാലനം | യുണൈറ്റഡ് ഇലക്ട്രിക്കൽസ് | 749630 | സെക്രട്ടറി |
| 2 | 231/22 ഘടകസ്ഥാപനങ്ങൾക്ക് ഫർണിച്ചർ | ശ്രീകൃഷ്ണാ ഏജൻസീസ് | 465444 | സെക്രട്ടറി |
| 3 | 185, പുഴ ശുചീകരണം -JCB വാടക | മുഗൾ ബിൽഡേഴ്സ് | 297830 | സെക്രട്ടറി |
| 4 | 185, പുഴ ശുചീകരണം -JCB വാടക | മുഗൾ ബിൽഡേഴ്സ് | 107420 | സെക്രട്ടറി |
| 5 | 191, സ്മാർട്ട് ക്ളാസ്റൂം ഫോർ ബഡ്സ്കൂൾ-കംപ്യൂട്ടർ | KM ടെക്നോളജീസ് | 199995 | അസി.സെക്രട്ടറി |
| 6 | 231/22 ഓഫീസിനും ഘടകസ്ഥാപനങ്ങൾക്കും ഫർണിച്ചർ, കംപ്യൂട്ടർ പ്രിന്റർ | KM ടെക്നോളജീസ് | 145277 | സെക്രട്ടറി |

എന്നാൽ, മേല്പറഞ്ഞ ബില്ലുകളിൽ, ക്രമ നം. 3, 4 മുഗൾ ബിൽഡേഴ്സ് ഒഴികെയുള്ള സ്ഥാപനങ്ങൾക്ക് ജി.എസ്.ടി തുക ബില്ലിനോടൊപ്പം നല്കിയിട്ടുണ്ടെങ്കിലും, ആയതിന്റെ 2% ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കിയതായി കാണുന്നില്ല. മുഗൾ ബിൽഡേഴ്സ് എന്ന സ്ഥാപനം ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടുള്ളതായി ലെറ്റർ ഹെഡിൽ രേഖപ്പെടുത്തൽ ഉണ്ടെങ്കിലും, ടി സ്ഥാപനം ജി.എസ്.ടി ഉൾപ്പെടുന്ന ബിൽ അല്ല പഞ്ചായത്തിനു നല്കിയിട്ടുള്ളത്.

(ബി). 1961 ആദായ നികുതി നിയമത്തിലെ വകുപ്പ് 194(C) പ്രകാരം ഒരു സാമ്പത്തിക വർഷം, ഒരു കരാറിൽ 30000/- രൂപയിൽ കൂടുതൽ പെമെന്റ് നടത്തുമ്പോൾ 1% ആദായ നികുതി സ്രോതസ്സിൽ നിന്ന് കുറവു ചെയ്യേണ്ടതുണ്ട്. എന്നാൽ മേല്പറഞ്ഞ പട്ടികയിലെ ക്രമനം. 3, 4 മുഗൾ ബിൽഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് അപ്രകാരം ആദായ നികുതി സ്രോതസ്സിൽ നിന്ന് കുറവു ചെയ്തിട്ടില്ല.

ടി സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം. 21 ന് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. തുടർ നടപടി റിപ്പോർട്ട് ചെയ്യേണ്ടതും വരും വർഷങ്ങളിൽ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-22 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

പദ്ധതി മാർഗരേഖ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മാണിക്കൽ ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ). പൂലന്തറ വാർഡിൽ ലക്ഷ്മിപുരം മുതൽ ഇടവനക്കോണം വരെയുള്ള റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ ജനറൽ കമ്മിറ്റിയുടെ തീരുമാനം നം.27(1)/23-4-21 പ്രകാരം അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ബി). തീപ്പുകൽ വാർഡിൽ നേതാജിനഗർ റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ ജനറൽ കമ്മിറ്റിയുടെ തീരുമാനം നം.13(12)/5-2-22 പ്രകാരം അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സി). സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം 151/22 ൽ ഉൾപ്പെടുത്തി, മാലിന്യങ്ങൾ കൊണ്ടുപോകുന്നതിനായി വാഹനം വാങ്ങിയിട്ടുണ്ട്.(TATA INTRA-Kl-16Z 5815)

എന്നാൽ ഈ വസ്തു വകകൾ ഒന്നും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. കൂടാതെ ആസ്തി രജിസ്റ്റർ കാലികമാക്കാൻ ജനറൽ കമ്മിറ്റിയുടെ തീരുമാനം നം.9(1)/5-8-21 പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. മേൽ നടപടിക്രമങ്ങൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം -16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-22-1 ആംബുലൻസ്-ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല.

ഗ്രാമ പഞ്ചായത്ത് കുടുംബ ആരോഗ്യ കേന്ദ്രത്തിന് MLA ഫണ്ടിൽ നിന്ന് അനുവദിച്ചു കിട്ടിയ KL-01-CQ-6573 നം ആംബുലൻസിന്റെ ഇൻഷ്വറൻസ് പുതുക്കുന്നതിനായി വൗച്ചർ നം.22100935/15-11-21 പ്രകാരം 14615/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി വാഹനം ജില്ലാ മെഡിക്കൽ ഓഫീസറുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി നം.46 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറുമായി ഉചിതമായ കരാർ വച്ച്, ടി വാഹനം ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയ ശേഷം, ആംബുലൻസിന്റെ ദൈനംദിന പരിപാലനം ഗ്രാമ പഞ്ചായത്ത്

ഏറ്റെടുക്കേണ്ടതാണ്.

## 1-23 വസ്തു നികുതി-കമ്മിറ്റി നടപടി മാതൃകാപരം

നികുതി സംബന്ധിച്ച് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ താഴെപറയുന്നു.

1-23-1 വസ്തു നികുതി-കമ്മിറ്റി നടപടി മാതൃകാപരം

ഗ്രാമ പഞ്ചായത്തിൽ ചില കെട്ടിട ഉടമകൾ, കെട്ടിടം വിപുലീകരിച്ച ശേഷവും പഴയ നിരക്കിൽ തന്നെ കെട്ടിട നികുതി അടച്ച് വരുന്നതായും, ടി കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ കുടുംബശ്രീയുടെ കൂടി സഹകരണത്തോടെ ഫീൽഡു തല അന്വേഷണം നടത്തി കണ്ടെത്തുന്നതിന് തീരുമാനിച്ചതായും, ധനകാര്യ സ്ററാന്റിംഗ് കമ്മിറ്റിയുടെ 24/12/21 ലെ തീരുമാനം നം I(1) ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ആരാഞ്ഞു കൊണ്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം.20 ന് ലഭ്യമാക്കിയ മറുപടിയിൽ, ടി വിഷയത്തിന്മേൽ ജനറൽ കമ്മിറ്റിയുടെ തുടർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാർഡു മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് തല അന്വേഷണം നടത്തി, കെട്ടിടങ്ങൾ റീ അസസു ചെയ്ത് നികുതി പിരിവു ഊർജ്ജിതപ്പെടുത്തിയതിന്റെ ഫലമായി 100% വസ്തു നികുതി പിരിച്ചെടുക്കുക എന്ന നേട്ടം പഞ്ചായത്ത് കൈവരിച്ചതായി അറിയിച്ചു. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, ജനറൽ കമ്മിറ്റിയുടെയും നടപടി മാതൃകാപരവും, ശ്ലാഘനീയവുമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വരും വർഷങ്ങളിലും മേല്പറഞ്ഞ രീതിയിൽ നികുതിചോർച്ച തടയാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23-2 നികുതി-ചോർച്ച തടയുന്നതിനുള്ള കമ്മിറ്റി തീരുമാനം നടപ്പിലായില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 24/12/21 ലെ യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ സ്വീകരിച്ചതായി തീരുമാനം നം (1) ൽ രേഖപ്പെടുത്തിയിരിക്കുന്നു.

എ) നികുതി ചോർച്ച തടയുന്നതിനും, എല്ലാ വ്യാപാര സ്ഥാപനങ്ങളും നിയമാനുസൃതമാക്കുന്നതിലേക്കുമായി അതതു വാർഡുകളിൽ നിലവിൽ ലൈസൻസ് നേടിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് വാർഡു മെമ്പർമാർക്കു നല്കുക.(തീരുമാനം നം I(2))

ബി) ട്രേഡേഴ്സ് ലിസ്റ്റ് അടിയന്തിരമായി തയ്യാറാക്കുക.(തീരുമാനം നം I(3))

സി) പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന Turf കൾക്ക് ലൈസൻസ് നല്കാൻ നടപടി സ്വീകരിക്കുക.(തീരുമാനം നം I(4))

ഡി) പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കല്യാണമണ്ഡപങ്ങൾക്കും ലൈസൻസ് നല്കുക.(തീരുമാനം നം I(5))

കൂടാതെ, ജനറൽ കമ്മിറ്റിയുടെ 5/8/21 ലെ യോഗത്തിൽ ലൈസൻസ് ക്യാമ്പ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. (തീരുമാനം നം I4(1))

ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ആരാഞ്ഞു കൊണ്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം.20 ന് ലഭ്യമാക്കിയ മറുപടിയിൽ ടി വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. മേല്പറഞ്ഞ തീരുമാനങ്ങൾ നികുതിചോർച്ച തടയാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - 4474589/- രൂപ തടസ്സപ്പെടുത്തുന്നു

വിവിധ പ്രവൃത്തികൾക്കായി KSEB, KWA, എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

| ക്രമ നം. | പ്രോജക്ട് നം/പേര്/ഫണ്ടിനം | നിർവ്വഹണ ഏജൻസി | തുക | ബിൽ നം. |
|---|---|---|---|---|
| 1 | 188/22, ബോർവെൽ നിർമ്മാണം (ധനകാര്യ കമ്മിഷൻ ഗ്രാന്റ്) | ഭൂജലവകുപ്പ് | 805020 | 173,174/26-10-21 |
| 2 | 140/22, കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (ധനകാര്യ കമ്മിഷൻ ഗ്രാന്റ്) | KWA | 1759000 | 246/28-12-21 |
| 3 | 150/22, കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (ധനകാര്യ കമ്മിഷൻ ഗ്രാന്റ്) | KWA | 981000 | 254/01-01-22 |
| 4 | 75/22, ജലജീവൻ പദ്ധതിക്ക് തുക കൈമാറൽ (വികസന ഫണ്ട് ജനറൽ) | KWA | 475000 | 175/26-10-21 (ACR പ്രകാരം) |
| 5 | 5, പോസ്റ്റ് ഷിഫ്റ്റിംഗ് (തനത് ഫണ്ട്) | KSEB | 220099 | 295/15-01-22 |
| | | ആകെ | 4240119 | |

| | | | | |
|---|---|---|---|---|
| | നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.സെക്രട്ടറി | | | |
| 6 | 184, പാഥേയം (വികസന ഫണ്ട് ജനറൽ) | ജില്ലാപഞ്ചായത്ത് | 76790 | 270/06-01-22 |
| 7 | 63, പാഥേയം (വികസന ഫണ്ട് ജനറൽ) | ജില്ലാപഞ്ചായത്ത് | 157680 | 271/06-01-22 |
| | | ആകെ | 234470 | |

20.01.2018-ലെ സ.ഉ(കൈ) നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി ഉത്തരവ് പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന നിർമ്മാണം-പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി) എന്ന പ്രോജക്ട് പ്രകാരം എഗ്രിമെന്റ് വച്ച്, ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം -29/25.10.22 ന് ലഭ്യമായ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വാർഡ് | വർഷം | കൈപ്പറ്റിയ തുക (രൂപ) | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | സിന്ധു, അണ്ണൽ | 2017-18 | 360000 | റവന്യൂ റിക്കവറി |
| 2 | ശശീന്ദ്രൻ, ശാന്തിഗിരി | 2017-18 | 360000 | നോട്ടീസ് അയച്ചു |
| 3 | സതി, ശാന്തിഗിരി | 2017-18 | 360000 | റവന്യൂ റിക്കവറി |
| 4 | സരോജിനി, തലയൽ | 2017-18 | 300000 | റവന്യൂ റിക്കവറി |
| 5 | ഷിബു, തലയൽ | 2017-18 | 200000 | റവന്യൂ റിക്കവറി |
| 6 | പ്രസന്ന കുമാരി | 2017-18 | 40000 | റവന്യൂ റിക്കവറി |

ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണത്തിനായി തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാ/പൂർത്തിയാക്കിയിട്ടില്ല, എങ്കിൽ ഇതിനായി അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ജനറേറ്റർ സ്ഥാപിക്കൽ-തുക തിരികെ ഈടാക്കണം

മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ പ്രോജക്ട് നം.SO 238/19 പ്രകാരം പഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കുന്നതിനായി കാസർകോഡ് ആസ്ഥാനമായുള്ള BHEL Electrical Machines Ltd. എന്ന സ്ഥാപനവുമായി 8/7/19 ൽ സെക്രട്ടറി കരാർ ഒപ്പിടുകയും, ആകെ ചെലവിന്റെ 40% തുകയായ 260000/- രൂപ മുൻകൂറായി ടി സ്ഥാപനത്തിനു നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി സ്ഥാപനം നാളിതുവരെ ജനറേറ്റർ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ നിയമാനുസൃത നടപടി സ്വീകരിക്കാൻ 26/8/22 ലെ ജനറൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട് (തീരുമാനം നം-14(1)). ടി തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർനടപടിയുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എന്ക്വയറിക്ക്(നം.18) നൽകിയ മറുപടിയിൽ, ടി സ്ഥാപനത്തിനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതായും, 2021-22 ലെ മറ്റൊരു പ്രോജക്ടിലൂടെ പഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിച്ചിട്ടുള്ളതായും സെക്രട്ടറി അറിയിച്ചു. റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി, ടി തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതും ഓഡിറ്റിന് വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-27 വെള്ളാനിക്കൽ അംഗൻവാടി-നിർമ്മാണം കമ്മിറ്റി തീരുമാനം നടപ്പിലായില്ല

വെള്ളാനിക്കൽ വാർഡിലെ 78ാം നം അംഗൻവാടിക്ക് പുതിയ കെട്ടിടനിർമ്മാണത്തിന് 1300000/- രൂപ സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 23/11/16 ലെ ICDS/A2/3187/2016 നം ഉത്തരവ് പ്രകാരം ലഭ്യമായി PWD യിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. വിവിധ കാരണങ്ങളാൽ ടി പ്രവൃത്തി നാളിതു വരെ നടക്കാത്തതിനെ തുടർന്ന്, പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ, 18/08/21 ലെ 17(8) നം തീരുമാനപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കാൻ PWD കെട്ടിട വിഭാഗം ചീഫ് എഞ്ചിനിയറോട് അവശ്യപ്പെടുകയും, 1610000/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അധികമായി ആവശ്യമുള്ള 310000/- രൂപ പദ്ധതി റിവിഷൻ സമയത്തു DPC അംഗീകാരത്തോടെ ലഭ്യമാക്കാനും, കെട്ടിടനിർമ്മാണം അടിയന്തിരമായി തുടങ്ങാനും തീരുമാനിച്ചതായി, പഞ്ചായത്ത്

ജനറൽ കമ്മിറ്റിയുടെ, 08/10/21 ലെ 6(3) നം തീരുമാനപ്രകാരം ജനറൽ കമ്മിറ്റി തീരുമാനിച്ചു. ടി തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർനടപടിയുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.51) ന്ന മറുപടി ലഭ്യമാക്കിയില്ല. അംഗൻവാടി കെട്ടിടനിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മാണിക്കൽ ഗ്രാമ പഞ്ചായത്തിലെ 20 അംഗൻവാടികൾക്ക് പഞ്ചായത്തിൽ നിന്ന് നേരിട്ട് അറ്റകുറ്റപ്പണി നടത്തിയ സാഹചര്യത്തിൽ, ഇതേ ആവശ്യത്തിനായി PWD യിൽ നിക്ഷേപിച്ച 800000/- രൂപ (@40000) തിരികെ ലഭ്യമാക്കാൻ PWD കെട്ടിട വിഭാഗം ചീഫ് എഞ്ചിനിയറോട് ആവശ്യപ്പെട്ട് ജനറൽ കമ്മിറ്റിയുടെ 11/08/21 ലെ 17(5) നം. തീരുമാനപ്രകാരം തീരുമാനിച്ചിട്ടുണ്ട്. മേല്പറഞ്ഞ തുക പഞ്ചായത്തിന് ലഭ്യമാക്കി, വെള്ളാനിക്കൽ വാർഡിലെ 78ാം നം അംഗൻവാടിക്ക് പുതിയ കെട്ടിടനിർമ്മാണത്തിന് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അധികമായി ആവശ്യമുള്ള 310000/- രൂപ യുമായി തട്ടിക്കിഴിക്കാനുള്ള സാധ്യത ആരായേണ്ടതാണ്.

## 1-28 പഞ്ചായത്തിനു ലഭ്യമാകേണ്ട തുക-കമ്മിറ്റി തീരുമാനം നടപ്പിലാക്കണം

എ) “പുഴയൊഴുകും മാണിക്കൽ” പദ്ധതിക്കായി, വൗച്ചർ നം. 22101503/25-3-22 പ്രകാരം 121246/- രൂപ ചെലവഴിച്ചിട്ടുണ്ട്. ജനറൽ കമ്മിറ്റിയുടെ 07/03/22 ലെ 5(1) നം. തീരുമാനപ്രകാരമാണ് ടി തുക ചെലവഴിച്ചത്. ടി തുക തിരികെ ലഭ്യമാക്കുവാൻ 08/03/22 ൽ ശുചിത്വ മിഷനു കത്തു നല്കിയിട്ടുണ്ട്.
ബി) മാണിക്കൽ ഗ്രാമ പഞ്ചായത്തിലെ 20 അംഗൻവാടികൾക്ക് പഞ്ചായത്തിൽ നിന്ന് നേരിട്ട് അറ്റകുറ്റപ്പണി നടത്തിയ സാഹചര്യത്തിൽ, ഇതേ ആവശ്യത്തിനായി PWD യിൽ നിക്ഷേപിച്ച 800000/- രൂപ (@ 40000) തിരികെ ലഭ്യമാക്കാൻ PWD കെട്ടിട വിഭാഗം ചീഫ് എഞ്ചിനിയറോട് അവശ്യപ്പെട്ട് ജനറൽ കമ്മിറ്റിയുടെ 11/08/21 ലെ 17(5) നം. തീരുമാനപ്രകാരം തീരുമാനിച്ചു.
മേല്പറഞ്ഞ തുകകൾ പഞ്ചായത്തിന് ലഭ്യമാക്കാനായി, ടി തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർനടപടിയുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.51) മറുപടി ലഭ്യമാക്കിയില്ല. ടി വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-29 വിദ്യാഭ്യാസ മേഖല – ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ പദ്ധതികൾ - അപാകതകൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധ നൽകണം

വിദ്യാഭ്യാസ മേഖലയിൽ ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി ഏഴ് പദ്ധതികൾ (സ്കൂളുകളുടെ ആവർത്തന ചെലവ് പദ്ധതി ഉൾപ്പെടെ) ആസൂത്രണം ചെയ്യുകയും അഞ്ച് പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. അടങ്കൽ തുകയുടെ 84% തുകയും ചെലവഴിക്കാനും നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലുമുള്ള അപാകതകൾ താഴെ പറയുന്നു.

1. SCP (സ്പെഷ്യൽ കംപോണന്റ് പ്ലാൻ) ഫണ്ട്, എസ്.എസ്.എ വിഹിതം നൽകുന്നതിന് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. 1979-ൽ പ്ലാനിംഗ് കമ്മീഷൻ പട്ടികജാതി വിഭാഗക്കാരുടെ സാമൂഹിക – സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിനാണ് പ്രത്യേക ഘടക പദ്ധതി കൊണ്ടുവന്നിട്ടുള്ളത്. പദ്ധതിയുടെ/ഫണ്ടിന്റെ ലക്ഷ്യം നിറവേറ്റണമെങ്കിൽ പദ്ധതി സഹായം/നേട്ടം ലഭ്യമാകുന്ന ഗുണഭോക്താക്കളിൽ ഭൂരിഭാഗവും പട്ടികജാതി വിഭാഗക്കാരാണെന്ന് ഉറപ്പിക്കുവാൻ കഴിയേണ്ടതുണ്ട്. എന്നാൽ ഈ ഉറപ്പാക്കൽ നടത്തിയിട്ടില്ല. ഫണ്ടിന്റെ വകമാറ്റം ക്രമവിരുദ്ധമാണ്.

2. പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് (ഗുണഭോക്തൃ ലിസ്റ്റ്) ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല. ഒരു വിദ്യാർത്ഥിക്ക് പഠനകാലയളവിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം ലഭ്യമാകൂ എന്നു ഉറപ്പിക്കുവാൻ പട്ടികജാതി വകുപ്പിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ ഇത്തരം ആനുകൂല്യം ലഭ്യമായില്ലായെന്ന് ഉറപ്പിക്കുന്നതിന് ആധികാരികമായ സാക്ഷ്യപ്പെടുത്തലുകൾ ഹാജരാക്കിയില്ല.

3 പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വാങ്ങി നൽകിയ ഫർണിച്ചറുകളിൽ (SIDCO ലഭ്യമാക്കിയത്) സ്റ്റീൽ മേശയും സ്റ്റീൽ കുഷൻ കസേരയുമാണുള്ളത്. ഇതിലെ സ്റ്റീൽ മേശയുടെ അളവും വിലയും 17.06.2017-ലെ GO(Rt)33/2017/SPD എന്ന സർക്കാർ ഉത്തരവിലെ അനുബന്ധം 3 പ്രകാരമുള്ളതാണ്. എന്നാൽ കസേരയുടെ വിലയും അളവും അനുബന്ധം 3-ൽ ഉൾപ്പെട്ടു കാണുന്നില്ല. SIDCO എന്ന അക്രഡിറ്റഡ് ഏജൻസിയുടെ സ്വന്തമായുള്ള ഉൽപ്പന്നങ്ങളാണ് അനുബന്ധം 3-ൽ ഉൾപ്പെട്ടിട്ടുള്ളത്. ഇത്തരം ഏജൻസികളുടെ സ്വന്തം ഉല്പന്നങ്ങൾ മാത്രം വാങ്ങുന്നതിനാണ് നിയമം അനുവദിക്കുന്നത്. ആയതിനാൽ കസേരയുടെ വാങ്ങൽ ക്രമവിരുദ്ധമാണ്.

4. ആസൂത്രണം ചെയ്ത പദ്ധതികളായ "എൽ.പി, യു.പി കുട്ടികൾക്ക് പ്രഭാതഭക്ഷണം", “തുടർ വിദ്യാഭ്യാസ പരിപാടി - തുല്യതാ പരിപാടി" ഇവ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. നടപ്പിലാക്കാൻ കഴിയാതെ പോയതിനുള്ള കാരണങ്ങൾ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തി നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നിർദ്ദേശം നൽകിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 27/25.10.2022 നൽകിയിരുന്നു. മറുപടിയിൽ

ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. ഭരണസമിതി ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ നൽകേണ്ടതുണ്ട്.

## 1-30 പൊതുമരാമത്ത് പ്രവൃത്തികളുടെ ആസൂത്രണത്തിലെ പിഴവുകൾ -ഭാവിയിൽ പരിഹരിക്കപ്പെടണം

2021-22 ൽ ആകെ 70 മരാമത്ത് പ്രവൃത്തികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 60 പദ്ധതികളാണ് നിർവ്വഹണം നടത്തിയത്. ഇതിൽ തന്നെ 14 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. ആകെ 3,36,22,880/- രൂപ വകയിരുത്തിയതിൽ 2,54,23,395/- രൂപ (75.61%) മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ തൻ വർഷത്തിൽ തന്നെ നിർവ്വഹിക്കാത്തതിനാൽ ലഭ്യമായ സ്രോതസ്സുകളിലെ ഫണ്ടുകൾ നഷ്ടപ്പെടുന്നുണ്ടെന്ന് മേൽ കണക്കുകളിൽ നിന്നും വ്യക്തമാകുന്നു. ഇത് പൊതുമരാമത്ത് മേഖലയിലെ വികസനത്തെ പ്രതികൂലമായി ബാധിക്കുന്നു. ചെലവ് പത്രിക പ്രകാരം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്നതിനായി ഏറ്റെടുത്ത 15 സ്പിൽ ഓവർ പദ്ധതികളിൽ 14 എണ്ണം നടപ്പാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ഒരു സ്പിൽ ഓവർ പ്രോജക്ട് പട്ടിക ജാതി ഉപപദ്ധതി വിഹിതമായി 10,34,778/- രൂപ വകയിരുത്തിയ പേരായത്തുമുകൾ-പള്ളിനട SC റോഡ് കോൺക്രീറ്റിംഗും സൈഡ് വാൾ നിർമ്മാണവുമാണ്. ഇത് ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 11 ന് നൽകിയ മറുപടിയിൽ നിർവഹണത്തിന്റെ ആരംഭത്തിൽ പൊതുജനങ്ങളുമായുള്ള തർക്കങ്ങൾ പരിഹരിക്കാനുള്ള സമയം, പൈപ്പ് ലൈൻ റോഡിന്റെ മധ്യഭാഗത്ത് കൂടി കടന്നു പോകുന്നത് മാറ്റി സ്ഥാപിക്കാൻ എടുത്ത സമയം ഇവ പ്രവൃത്തിയെ അടുത്ത സാമ്പത്തിക വർഷത്തിലേയ്ക്ക് നീക്കപ്പെട്ടുവെന്ന് അറിയിച്ചിട്ടുണ്ട്. KPWD മാന്വലിലെ സെക്ഷൻ 2003 പ്രകാരം ടെണ്ടർ നടപടികൾക്കു മുമ്പായി "Possession Of Hindrance Free Land" ഉറപ്പാക്കുവാൻ എൻജിനീയറിംഗ് വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യ വികസനം, പശ്ചാത്തല സൗകര്യവികസനം തുടങ്ങിയവ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ മുൻഗണന നല്കി പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെടാതെ പോകുന്നു.

2. ഓരോ വികസന മേഖലയും നേരിടുന്ന പ്രധാന വെല്ലുവിളികൾ, വികസനത്തിലെ നിലവിലുള്ള വിടവുകൾ, വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ, അതിന് സ്വീകരിക്കാവുന്ന തന്ത്രം എന്നിവയെല്ലാം ഉൾപ്പെടുത്തി തദ്ദേശസ്വയം ഭരണ സ്ഥാപനം തയ്യാറാക്കുന്ന സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ (Status Report) പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത് എന്നിരിക്കെ അവസ്ഥാരേഖയിൽ നിന്നും വളരെയധികം വ്യതിചലിച്ചുകൊണ്ടാണ് പല പൊതുമരാമത്ത് പ്രവൃത്തികളും നിർവ്വഹിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തി | അവസ്ഥാരേഖ പ്രകാരം | | യഥാർത്ഥത്തിൽ | | വ്യത്യാസം | |
|---|---|---|---|---|---|---|
| | അറ്റകുറ്റപ്പണി നടത്താനുദ്ദേശിച്ചത് | പുതിയ നിർമ്മാണം നടത്താനുദ്ദേശിച്ചത് | അറ്റകുറ്റപ്പണി നടത്തിയത് | പുതിയ നിർമ്മാണം നടത്തിയത് | അറ്റകുറ്റപ്പണി | പുതിയ നിർമ്മാണം |
| കോൺക്രീറ്റ് റോഡ് (KM) | 1.5 | 14.5 | - | 3 | 1.5 | 11.5 |
| ടാർ റോഡ്(KM) | 47.18 | 17 | 8 | - | 39.18 | 17 |
| പൊതുകിഴൽ കിണറുകൾ (എണ്ണം) | 16 | 16 | - | - | 16 | 16 |
| -ചെറുകിട കുടിവെള്ള പദ്ധതികൾ (എണ്ണം) | 2 | - | - | - | 2 | - |
| കേരള വാട്ടർ അതോറിറ്റിയുമായി സംയോജിപ്പിച്ചുള്ള കുടിവെള്ള പദ്ധതികൾ (എണ്ണം) | - | 21 | - | - | - | 21 |
| ആശുപത്രികൾ (എണ്ണം) | 4 | 4 | 2 | 1 | 2 | 3 |
| വിദ്യാഭ്യാസ സ്ഥാപനങ്ങൾ (എണ്ണം) | 7 | 7 | 1 | 1 | 6 | 6 |
| കലുങ്ക് (എണ്ണം) | 24 | 73 | - | - | 24 | 73 |

അവസ്ഥാരേഖയിൽ നിന്ന് വ്യതിചലിക്കാൻ ഫണ്ടിന്റെ അപര്യാപ്തത കാരണമായി എന്ന് എഞ്ചിനീയർ മറുപടി നൽകുമ്പോൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രവൃത്തിയുടെ മുൻഗണന നിശ്ചയിച്ച് ഒരു പഞ്ചവൽസര പദ്ധതി

കാലയളവിൽ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ എൻജിനീയറിംഗ് വിഭാഗം തയ്യാറാകണം. ഗ്രാമപഞ്ചായത്തിന്റെ മൊത്തം വികസനം മുൻനിർത്തി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ഫണ്ടിന്റെ ലഭ്യതയെ പ്രവൃത്തികളുടെ മുൻഗണനയ്ക്ക് ആധാരമാക്കി ഏറ്റെടുക്കുവാനും എൻജിനീയറിംഗ് വിഭാഗം ശ്രദ്ധ ചെലുത്തുന്നത് നഷ്ടപ്പെടുന്ന ഫണ്ടിന്റെ അളവ് കുറയ്ക്കുന്നതിനും പൊതു ജനങ്ങൾക്ക് യഥാസമയം പശ്ചാത്തല സൗകര്യം ലഭ്യമാകുന്നതിനും സഹായമാകും.

## 1-31 സുഭിക്ഷ കേരളം - തരിശ്ഭൂമിയെ കൃഷിയോഗ്യമാക്കുന്ന പദ്ധതികൾ - അപാകതകൾ

കൃഷി ഓഫീസർ മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിച്ച ആറു പ്രവൃത്തികളിൽ കാർഷിക ഉൽപാദന വർദ്ധനവിനും, ഭൂമി/നിലം തരിശിടാതിരിക്കുന്നതിനുമായി ഏറ്റെടുത്ത പദ്ധതികളുടെ എണ്ണം മൂന്ന് ആണ്.

| പ്രോജക്ട് & നമ്പർ | അടങ്കൽ തുക | ചെലവ് തുക |
|---|---|---|
| തരിശ് നെൽകൃഷി – 229/22 | 240000 | 0 |
| സുഭിക്ഷകേരളം തരിശ് - പച്ചക്കറി കൃഷി 96/22 | 240000 | 102400 |
| സുഭിക്ഷകേരളം തരിശ്-ഇടവിളകൃഷി 95/22 | 1058400 | 416400 |

മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയെ/നിലത്തെ തരിശാക്കി കണക്കാക്കി അതിൽ യഥാർത്ഥത്തിൽ കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതികമായ ധനസഹായം നൽകുന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ തുകകൾ കൈമാറിയിട്ടുള്ളതില്ലപരി പദ്ധതിയുടെ മോണിട്ടറിംഗ് നടന്നതായി കാണുന്നില്ല.

1. കൃഷി ചെയ്യുന്ന സ്ഥലം ഓഫീസർ ബോധ്യപ്പെട്ട് അപേക്ഷകളിലോ, മറ്റ് രേഖകളിലെ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.
2. അപേക്ഷകളിൽ, അപേക്ഷയുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
3. തരിശുഭൂമിയിലെ കാടുവെട്ടി നിലമൊരുക്കുന്നതിനും ജൈവവളത്തിനും മാത്രമായിട്ടാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഗുണഭോക്തൃവിഹിതം ചെലവഴിക്കപ്പെട്ടതിന്റെ യാതൊരു വൗച്ചറുകളും ലഭ്യമല്ല.
4. നൽകേണ്ടതായ തുക രണ്ട് തവണകളായി നൽകാവുന്നതാണ്. ആദ്യതവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്ക് ശേഷവുമാണ്. എന്നാൽ ഇവിടെ ഒറ്റത്തവണയായി തുക കൈമാറിയിട്ടുണ്ട്. കൃഷി ചെയ്യുന്ന വിള ഏതാണെന്നോ, പകുതിയിലുള്ള പരിശോധനയുടെ വിവരങ്ങളോ ഫയലിൽ ലഭ്യമല്ല.
5. തരിശ്ഭൂമി, കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത ഉപയോഗപ്പെടുത്തിയിട്ടില്ല.
6. കൈവശമുള്ള ഭൂമിയിൽ കൃഷിയ്ക്ക് യോഗ്യമായ സ്ഥലം (വാസസ്ഥലം ഒഴികെ) നിശ്ചയിക്കപ്പെട്ടിട്ടില്ല.

മേൽ അപാകതകൾ (ഉദാഹരണ സഹിതം) ചൂണ്ടിക്കാട്ടി ഓഡിറ്റ് അന്വേഷണം നം.31 നൽകിയിട്ടുള്ളതാണ്. മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് അതിർത്തിക്കുള്ളിലെ തരിശ്ഭൂമിയുടെ അളവ് തിട്ടപ്പെടുത്തുന്നതിലും ഓരോ മൂന്ന് വർഷ കാലയളവിൽ കൃഷിയോഗ്യമാക്കിയ ഭൂമിയുടെ അളവും കണക്കാക്കപ്പെടുന്ന തരത്തിൽ മോണിട്ടറിംഗ് നടക്കുന്നതിനും ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് ശാശ്വതപരിഹാരം നിർദ്ദേശിക്കുന്നതിനും ഭരണസമിതി തയ്യാറാകേണ്ടതാണ്.

## 1-32 MNREGS – മെറ്റീരിയൽ പ്രവൃത്തികളുടെ നടത്തിപ്പിലെ അപാകതകൾ

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക വർഷത്തിൽ ആദ്യ പാദത്തിൽ 45 റോഡുകളും അവസാന പാദത്തിൽ 42 റോഡുകളും കോൺക്രീറ്റ് ചെയ്യുന്നതിനായി മെറ്റീരിയലുകൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും, പങ്കാളിത്തമില്ലാത്തതിനാൽ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങലുകൾ നടത്തിയിരിക്കുന്ന . 87 പ്രവൃത്തികൾക്കായി (റോഡ് കോൺക്രീറ്റിംഗ് & കലുങ്ക് നിർമ്മാണം) 3,33,46,535/- രൂപ മെറ്റീരിയലുകളുടെ വാങ്ങലുകൾക്കായി മാറ്റിവച്ചിട്ടുണ്ട്.

1. വാങ്ങലുകൾ ഒറ്റ ടെണ്ടറായി നടത്തുന്നില്ല

ഓരോ റോഡ് പ്രവൃത്തിയ്ക്ക് വേണ്ടിയും വ്യത്യസ്ത ടെണ്ടറുകൾ ക്ഷണിക്കുകയും, ഭൂരിഭാഗം ടെണ്ടറുകളിലും രണ്ടുപേർ മാത്രമായി പങ്കെടുക്കുകയും പലപ്പോഴും എസ്റ്റിമേറ്റ് റേറ്റിലോ, അല്ലെങ്കിൽ എസ്റ്റിമേറ്റ് നിരക്കിൽ നിന്ന് ഉച്ഛമായ നിരക്ക് കുറവാക്കിയോ ടെണ്ടറുകൾ കോൺട്രാക്ടർമാർ നേടിയിട്ടുണ്ട്. ഓരോ പ്രവൃത്തികളുടെയും ആവശ്യമായ സാധനങ്ങളുടെ അളവ് കണക്കാക്കി ഒറ്റ ടെണ്ടറായി നടത്തേണ്ടതും, ഇ-ടെണ്ടർ സാധ്യതകൾ ഉപയോഗപ്പെടുത്തേണ്ടതുമാണ്.

2. TDS ഈടാക്കിയില്ല

2017 ലെ ചരക്ക സേവന നികുതി ആക്ടിലെ സെക്ഷൻ 51, 21.07.2018 ലെ 28 -ാ മത് ജി.എസ്.ടി. കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തുന്ന വാങ്ങലുകളിൽ 2.5 ലക്ഷം

രൂപ അധികരിക്കുന്നവയിൽ GST യുടെ TDS ആയി 2 ശതമാനം ഈടാക്കി അടവാക്കേണ്ടതാണ്.

| പ്രവർത്തിയുടെ പേര് | കോൺട്രാക്ടർ | നൽകിയ തുക |
|---|---|---|
| തലേകുന്ന് കട്ടുംബൂര് കുതിരകുളം നടപ്പാത കോൺക്രീറ്റിംഗ് | സുഫിയാൻ .എ | 400874 |
| മുളയം കുന്നംപുറം മുതൽ സരസ്വതി വിദ്യാലയം വരെ കോൺക്രീറ്റിംഗ് | അൻവർ .എൻ | 400864 |
| പാറയ്ക്കൽ മുതൽ മുളംകുന്ന് വരെ റോഡ് കോൺക്രീറ്റിംഗ് | അൻവർ .എൻ | 398981 |
| പോംകുന്ന് കൊഞ്ചിറ റോഡ് കോൺക്രീറ്റിംഗ് | അനിൽ കുമാർ .ആർ | 396684 |
| കാവുംകുഴി മണ്ണാറുകുളം റോഡ് കോൺക്രീറ്റിംഗ് | അൻവർ .എൻ | 307718 |
| പ്ലാക്കീഴ് കട്ടയ്ക്കാൽ റോഡ് കോൺക്രീറ്റിംഗ് | രഘുനാഥൻ നായർ .ആർ | 271109 |
| ഈന്തിവിള മാടൻനട തടം കോൺക്രീറ്റിംഗ് | സുഫിയാൻ .എ | 400365 |
| കാപ്പിക്കുന്ന് വിളയ്ക്കാട് മാടൻനട തടം കോൺക്രീറ്റിംഗ് | വിശ്വംഭരൻ .എസ് | 396942 |
| പഠിപ്പുര മുതൽ അലിയാട് ചിറ വരെ റോഡ് കോൺക്രീറ്റിംഗ് | വിശ്വംഭരൻ .എസ് | 399995 |
| ചീനിവിള വയ്ക്കൽ റോഡ് കോൺക്രീറ്റിംഗ് | വിശ്വംഭരൻ .എസ് | 39638 |
| ചീനിവിള – കുന്നിക്കോട് റോഡ് കോൺക്രീറ്റിംഗ് | വിശ്വംഭരൻ .എസ് | 397618 |
| മീനാറ CSI ചർച്ച് വാളകത്ത്കോണം ബൈറോഡ് കോൺക്രീറ്റിംഗ് | സുരേഷ് കുമാർ .ആർ | 381845 |
| കൊപ്പം ചിറ്റൂർകോണം പട്ടത്താനം റോഡ് കോൺക്രീറ്റിംഗ് | അൻവർ .എൻ | 397115 |
| വലിയവീട് അണത്തോട് റോഡ് കോൺക്രീറ്റിംഗ് | ഷാനവാസ് .എം.ആർ | 400928 |
| ചേമ്പുംകുഴി അണമുഖം റോഡ് കോൺക്രീറ്റിംഗ് | ഷാനവാസ് .എം.ആർ | 285343 |
| കിണറ്റ്മുക്ക് അങ്കണവാടിതടം കോൺക്രീറ്റിംഗ് | അൻവർ .എൻ | 398645 |

ചരക്കു സേവന നികുതിയെ മുൻനിർത്തി തുകകളിൽ നിന്ന് 2 % TDS ഈടാക്കാനുള്ള ബാധ്യത ഒരു സർക്കാർ സ്ഥാപനം എന്ന നിലയിൽ എഞ്ചിനീയർ ബാധ്യസ്ഥയാണ്. എന്നാൽ കഴിഞ്ഞ വർഷങ്ങളിലെന്ന പോലെ (വിവരങ്ങൾ 2020-21 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്). ഈ വർഷവും ഈടാക്കാതെ തുക നൽകിയത് ക്രമ വിരുദ്ധമാണ്. ആയതിനാൽ പൊതു ഖജനാവിലേക്ക് എത്തേണ്ട നികുതി തുക എത്രയും വേഗം എത്തിക്കുന്നതിനും നിർവഹണ അധികാരി എന്ന നിലയിൽ കാണിക്കേണ്ടതായ ഗൗരവത്തിന്റെ അഭാവത്തിൽ നൽകേണ്ടി വരുന്ന പലിശ (GST യിൽ അടവാക്കേണ്ടത്) യുടെ ഉത്തരവാദിത്തം AE ഏറ്റെടുക്കേണ്ടി വരുന്നതാണ്.

3. ഇൻകം ടാക്സ് – TDS ഈടാക്കിയില്ല

1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 C പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേയ്മെന്റ് നടത്തുമ്പോൾ വ്യക്തികളിൽ നിന്ന് 1 % തുകയും ഗ്രൂപ്പിൽ നിന്ന് 2 % തുകയും സ്രോതസിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. ഈ സാമ്പത്തിക വർഷത്തിലും ഇത്തരം ഈടാക്കലുകൾ നടന്നിട്ടില്ല. ഇത് നിയമപരമല്ല.

4. ടെണ്ടർ രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല

മെറ്റീരിയൽ ആവശ്യമുള്ള ഓരോ പ്രവൃത്തിക്കുമായി ടെണ്ടർ നടപടി സ്വീകരിക്കുന്ന രീതിയാണ് പഞ്ചായത്തിലുള്ളത്. ടെണ്ടർ ചെയ്യാൻ സജ്ജമായ ഒരു കൂട്ടം പ്രവൃത്തികൾക്കായി പത്രത്തിൽ പരസ്യം നൽകുകയും, ബന്ധപ്പെട്ടുന്ന കരാറുകാർക്ക് ടെണ്ടർ ഷെഡ്യൂൾ തൊഴിലുറപ്പ് പദ്ധതി ഓഫീസിൽ നിന്നും വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും കൈപ്പറ്റുന്ന ടെണ്ടർ ഷെഡ്യൂളുകളുടെ സ്റ്റോക്കും വിതരണ വിവരവും എഴുതി സൂക്ഷിക്കുന്നില്ല. ഈ പദ്ധതിക്ക് കീഴിൽ നടക്കുന്ന ടെണ്ടറുകളിൽ പങ്കെടുക്കുന്ന കരാറുകാർക്ക് ടെണ്ടർ ഷെഡ്യൂൾ വിതരണം ചെയ്യുമ്പോൾ ഫോറത്തിന്റെ വില കൃത്യമായി കണക്കാക്കി, പേരു വിവരവും തുക അടവാക്കിയ രസീത് നമ്പറും തീയതിയും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഇതിനായി ഉപയോഗിക്കുന്ന രജിസ്റ്ററിൽ തന്നെ സ്റ്റോക്ക്

അക്കൗണ്ടും രേഖപ്പെടുത്താവുന്നതാണ്. ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടെണ്ടർ ഫോറത്തിന്റെ വില സംബന്ധിച്ച വിവരവും, സ്റ്റോക്ക് വിശദാംശവും പരിശോധിക്കാനായിട്ടില്ല.

5. ഫയൽ മാനേജ്മെന്റിലെ വീഴ്ച

തൊഴിലുറപ്പ് പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകളുടെ ചെക്ക് ലിസ്റ്റ് ഫയലിൽ ഉൾച്ചേർത്തിട്ടില്ല. ഇതിൽ പരാമർശിക്കപ്പെട്ടിട്ടുള്ള 18 രേഖകളിലെ, മെറ്റീരിയൽ വൗച്ചറുകളും ബില്ലുകളും, പ്രവൃത്തിയുടെ 3 ഘട്ടങ്ങളിലുള്ള ഫോട്ടോ, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ആസ്തിയുടെ ജിയോ ടാഗുള്ള ഫോട്ടോ, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്, കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് തുടങ്ങിയവ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. (സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലും ഈ പരാമർശം ഉൾക്കൊള്ളുന്നു.

6. റോഡ് കോൺക്രീറ്റിംഗിന്റെ വീതി - ശ്രദ്ധ നൽകണം

നടപ്പിലാക്കിയിട്ടുള്ള മെറ്റീരിയൽ പ്രവൃത്തികളിലെ റോഡ് നിർമ്മാണങ്ങളിൽ, റോഡിന്റെ വീതി 3 മീറ്ററിൽ കൂടുതലുള്ളവയാണ് ഭൂരിഭാഗവും. ബിറ്റുമിനസ് റോഡിനുള്ള സാധ്യത പരിശോധിക്കാതെയാണ് റോഡുകളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത്. പരമാവധി 2.90 M വീതിയുള്ള (3 മീറ്ററിൽ താഴെ) റോഡുകളുടെ നിർമ്മാണമാണ് നിയമപ്രകാരം MNREGS ന് ഏറ്റെടുക്കുവാൻ കഴിയുന്നത്. നിയമപ്രകാരമല്ലാത്ത പ്രവൃത്തികൾ ഏറ്റെടുക്കാനുള്ള സാഹചര്യം ഫയലിൽ ലഭ്യമല്ല.

7. മെറ്റീരിയൽ പഞ്ചായത്ത് നേരിട്ട് വാങ്ങുന്നതിന് തയ്യാറാകണം

ഏറ്റെടുക്കുന്ന പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയലുകൾ സാധാരണയായി 40 Mm, 20 Mm, 10 Mm, മെറ്റലുകൾ, എം.സാന്റ്, സിമന്റ് തുടങ്ങിയവയാണ്. എസ്റ്റിമേറ്റ് തയ്യാറാക്കപ്പെടുന്നത് SECURE സോഫ്റ്റ്‌വെയറിലൂടെയാണ്. ഈ സോഫ്റ്റ്‌വെയർ ആധാരമാക്കിയിട്ടുള്ളത് ഡൽഹി ഷെഡ്യൂൾസ് ഓഫ് റേറ്റാണ് (DSR). താരതമ്യേന ലോക്കൽ മാർക്കറ്റിനേക്കാൾ ഉയർന്ന നിരക്കാണ് DSR ൽ ഉള്ളത്. പഞ്ചായത്തിൽ ക്വാറികൾ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ലഭിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ലഭിക്കാനുള്ള സാഹചര്യങ്ങൾ മുതലെടുക്കുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി തയ്യാറാവേണ്ടതുണ്ട്.

മേൽപറഞ്ഞ അപാകതകൾക്കുമേൽ ഭരണസമിതി അതീവശ്രദ്ധ നൽകേണ്ടതാണ്.

## 1-33 മാണിക്കൽ കുടുംബാരോഗ്യ കേന്ദ്രത്തിന് 927411/- രൂപയുടെ മരുന്ന് ലഭിക്കുവാൻ അവശേഷിക്കുന്നു - തുക തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ പ്രകാരം ആശുപത്രിയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിന് തുക അനുവദിച്ചെങ്കിലും നാളിതുവരെ മരുന്ന് പൂർണമായും ലഭ്യമായിട്ടില്ല. വിശദവിവരം ഉപഖണ്ഡികകളായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-33-1 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്ന് - 305369/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ |
| പദ്ധതി നമ്പർ | 132/22 |
| പദ്ധതി അടങ്കൽ | 1000000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 1000000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് പല തവണകളായി ആകെ 1000000 രൂപ അനുവദിച്ചതിൽ 305369/- രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്. ലഭിക്കാനുള്ള മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊഫോർമ ഇൻവോയിസ് നം./ തീയതി | അനുവദിച്ച തുക | ട്രഷറി ബിൽ നം./തീയതി | ലഭിച്ച മരുന്നുകളുടെ വില | ലഭിക്കാനുള്ള മരുന്നുകളുടെ വില |
|---|---|---|---|---|---|
| 1 | PRF135/07.05.21 | 47643 | 01/12.05.21 | 16644 | 30999 |
| 2 | PRF183/11.05.21 | 172951 | 06/25.06.21 | 118238 | 54713 |

| | | | | | |
|---|---|---|---|---|---|
| 3 | PRF231/15.05.21 | 6283 | 07/25.06.21 | 1751 | 4532 |
| 4 | PRF490/05.06.21 | 73292 | 08/25.06.21 | 44787 | 28505 |
| 5 | PRF4127/15.12.21 | 186620 | 17/20.12.21 | - | 186620 |
| ആകെ | | | | | 305369 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.24/25.10.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി ബന്ധപ്പെട്ടപ്പോൾ കോവിഡ് സാഹചര്യമായതിനാൽ മരുന്നുകളുടെ ലഭ്യത കുറവ് കാരണമെന്നാണ് മറുപടി ലഭിച്ചതെന്ന് അറിയിച്ചിരിക്കുന്നു. എത്രയും വേഗം മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33-2 പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ - 362146/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ |
| പദ്ധതി നമ്പർ | 27/22 |
| പദ്ധതി അടങ്കൽ | 1400808 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 1400808 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് പല തവണകളായി ആകെ 1400808/- രൂപ അനുവദിച്ചതിൽ 362146/- രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്. അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊഫോർമ ഇൻവോയിസ് നം./തീയതി | അനുവദിച്ച തുക | ട്രഷറി ബിൽ നം./തീയതി | ലഭിച്ച മരുന്നുകളുടെ വില | ലഭിക്കാനുള്ള മരുന്നുകളുടെ വില |
|---|---|---|---|---|---|
| 1 | PRF798/21.06.21 * | 800000 | 09/07.07.21 | 506348 | 293652 |
| 2 | PRF6012/21.02.22 | 400851 | 20/04.03.22 | 332357 | 68494 |
| ആകെ | | | | | 362146 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.24/25.10.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി ബന്ധപ്പെട്ടപ്പോൾ കോവിഡ് സാഹചര്യമായതിനാൽ മരുന്നുകളുടെ ലഭ്യത കുറവ് കാരണമെന്നാണ് മറുപടി ലഭിച്ചതെന്ന് അറിയിച്ചിരിക്കുന്നു. എത്രയും വേഗം മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-33-3 വയോസൗഹൃദ പഞ്ചായത്ത് - അലോപ്പതി മരുന്ന് വാങ്ങൽ - 259896/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | വയോസൗഹൃദ പഞ്ചായത്ത് - അലോപ്പതി മരുന്ന് വാങ്ങൽ |
| പദ്ധതി നമ്പർ | 24/22 |
| പദ്ധതി അടങ്കൽ | 800000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 800000 (വികസന ഫണ്ട് പൊതുവിഭാഗം) |
| ട്രഷറി ബിൽ നം./ തീയതി | 10/07.07.21 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

മേൽ പ്രോജക്ടിന്റെ ഭാഗമായി മരുന്ന് പർച്ചേസിനായി പ്രൊഫോർമ ഇൻവോയിസ് നം. PRF957/29.06.21 പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 800000/- രൂപ അനുവദിച്ചതിൽ 540104/- രൂപയുടെ മരുന്ന് മാത്രമാണ് പല തവണകളായി ലഭിച്ചിട്ടുള്ളത്. 259896/- രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുള്ളതായി കാണുന്നു.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 24/25.10.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക അനുവദിച്ച് ഒരു വർഷത്തിന ശേഷവും മരുന്ന് ലഭ്യമാക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതും എത്രയും വേഗം മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. അതുവരെ മൂന്ന പ്രോജക്ടുകൾ മുഖേന മരുന്ന് ലഭ്യമാക്കുന്നതിനായി നൽകിയ ആകെ 9,27,411/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-34 പദ്ധതി ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് പർച്ചേസ് - കമ്മിറ്റി തീരുമാനം ലഭ്യമാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പി.എച്ച്.സി സദ്ഭരണം |
| പദ്ധതി നമ്പർ | 29/22 |
| പദ്ധതി അടങ്കൽ | 200000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 200000 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

മേൽ പ്രോജക്ടിന്റെ ഭാഗമായുള്ള പർച്ചേസുകൾ പൊതുമാർക്കറ്റിൽ നിന്നും പത്രപരസ്യം നൽകി ക്വട്ടേഷൻ/ടെണ്ടർ മുഖേനയാണ് നടത്തേണ്ടത് എന്ന് പ്രോജക്ട് രൂപീകരണ ഫോറം ക്രമ നം.33 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇൻവോയിസ് നം. 42/17.09.21 പ്രകാരം സിഡ്കോയിൽ നിന്നും 63080/- രൂപയ്ക്ക് മേശ, കസേര എന്നിവയും ഇൻവോയിസ് നം. 43 /17.09.21 പ്രകാരം 92400/- രൂപയ്ക്ക് ഇൻവർട്ടർ എന്നിവയും നേരിട്ട് പർച്ചേസ് ചെയ്തിരിക്കുന്നു. കൂടാതെ ഇൻവോയിസ് നം.2750/03.11.21 പ്രകാരം രാഹുൽ ഫർണിച്ചർ & ഏജൻസീസിൽ നിന്നും 8700/- രൂപയ്ക്ക് സ്റ്റീൽ ലൈബ്രറി അലമാരയും വാങ്ങിയിരിക്കുന്നു. ഇപ്രകാരം മേൽ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് പർച്ചേസ് ചെയ്തതിന് അനുമതി നൽകിക്കൊണ്ടുള്ള കമ്മിറ്റി തീരുമാനം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം.23/25.10.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം എച്ച്എംസി മീറ്റിംഗിൽ മേൽ പർച്ചേസുകളെ അംഗീകരിച്ചിട്ടുള്ളതായി അറിയിച്ചിരിക്കുന്നു. എന്നാൽ ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതും നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-35 ലാബ് ടെക്നീഷ്യന് അധികമായി വേതനം അനുവദിച്ചു

| | |
|---|---|
| പദ്ധതിയുടെ പേര് | കോലിയക്കോട് എഫ്.എച്ച്.സിയിൽ ഡോക്ടർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവർക്കുള്ള വേതനം |
| പദ്ധതി നമ്പർ | 32/22 |
| പദ്ധതി അടങ്കൽ | 848250/- (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 832129/- (തനത് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

മേൽ പ്രോജക്ടിന്റെ ഭാഗമായി കോലിയക്കോട് എഫ്.എച്ച്.സിയിലെ ഡോക്ടർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവർക്ക് വിവിധ മാസങ്ങളിലുള്ള വേതനം നൽകിയിരിക്കുന്നു. 01.08.21 മുതൽ ഡോക്ടർ, ഫാർമസിസ്റ്റ് എന്നിവരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും ലാബ് ടെക്നീഷ്യന്റെ സേവനം 15.08.21 മുതൽ ഒഴിവാക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റിയുടെ 23.07.21 ലെ 13(1) നം.തീരുമാനം ഉണ്ട്. പ്രസ്തുത തീരുമാനം പ്രകാരം ലാബ് ടെക്നീഷ്യന്റെ വേതനത്തിൽ വർദ്ധനവ് ഇല്ല. എന്നാൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 14.08.21 ന് സേവനത്തിൽ നിന്നും വിടുതൽ ചെയ്ത എഫ്.എച്ച്.സിയിലെ ലാബ് ടെക്നീഷ്യൻ ആയ അഭിരാമി.വൈ.എ യ്ക്ക് നിലവിൽ നൽകിക്കൊണ്ടിരുന്ന 14000/- രൂപയ്ക്ക് പകരം 18000/- രൂപ നിരക്കിൽ 14 ദിവസത്തെ വേതനം അനുവദിച്ചിരിക്കുന്നു. നൽകിയ വേതനം 8129/- രൂപ (ചെക്ക് നം.695012008/23.09.21). എന്നാൽ അർഹമായത് 6323/- രൂപയാണ്. 1806/- രൂപ അധികമായി അനുവദിച്ചതിനുള്ള

കാരണം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.23/25.10.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അധികമായി നൽകിയ തുക ബന്ധപ്പെട്ട ജീവനക്കാരിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | സാന്ത്വന പരിചരണം (പാലിയേറ്റീവ് കെയർ) |
| പദ്ധതി നമ്പർ | 18/22 |
| പദ്ധതി അടങ്കൽ | 10,00,000 (വികസന ഫണ്ട്)<br>5,86,880 (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 10,00,000 (വികസന ഫണ്ട്)<br>5,25,492 (തനത് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പ്രോജക്ടിന്റെ ഭാഗമായി മരുന്ന് പർച്ചേസിനായി പ്രൊഫോർമ ഇൻവോയിസ് നം. PRF2868/22.10.21 പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 100000/- രൂപ അനുവദിച്ചതിൽ 86682/- രൂപയുടെ മരുന്ന് മാത്രമാണ് പല തവണകളായി ലഭിച്ചിട്ടുള്ളത്. 13318/- രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുള്ളതായി കാണുന്നു.

2. മരുന്ന് പർച്ചേസിനായി പ്രൊഫോർമ ഇൻവോയിസ് നം. PRF1526/05.08.21 പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 1000000/- രൂപ അനുവദിച്ചിരുന്നു (ട്രഷറി ബിൽ നം.12/07.09.21). എന്നാൽ മരുന്ന് ലഭിച്ചിട്ടില്ല. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ട് നം. തെറ്റായി നൽകിയതിനാൽ തുക സ്ഥാപനത്തിന് ലഭിച്ചില്ലെന്നും സാംഖ്യ വഴി അക്കൗണ്ട് നം. തിരുത്തി നൽകിയെങ്കിലും അപ്ഡേഷൻ ആയിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു. സുലേഖ ചെലവ് പത്രികയിൽ ചെലവ് വന്നിട്ടുള്ള സാഹചര്യത്തിൽ ടി തുക നിലവിൽ ഏത് അക്കൗണ്ടിലാണ് നിലനിൽക്കുന്നത് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

3. ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ ഒരേ മാസം രണ്ട് ആംബുലൻസ് ഡ്രൈവർമാർക്ക് വേതനം അനുവദിച്ചിരിക്കുന്നതായി കാണുന്നു. KL-01-CB 3739 നം. ആംബുലൻസിന്റെ ഡ്രൈവറായ ശ്രീ.സുജിത്.ജി.എസ്, KL-01-AZ 3667 നം. ആംബുലൻസിന്റെ ഡ്രൈവറായ ശ്രീ.ഇ.ഷമീർ എന്നിവർക്കാണ് 05/21, 06/21 മാസങ്ങളിൽ വേതനം നൽകിയിരിക്കുന്നത്. എന്നാൽ ദിവസവേതനം അനുവദിച്ചത് ക്രമപ്രകാരമാണോയെന്ന് പരിശോധിക്കുന്നതിന് ബന്ധപ്പെട്ട അറ്റൻഡൻസ് ഷീറ്റിന്റെ പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ ലോഗ് ബുക്ക് പ്രകാരം KL-01-CB 3739 നം. ആംബുലൻസാണ് പി.എച്ച്.സി യുടെ പാലിയേറ്റീവ് വാഹനം എന്ന് വ്യക്തമാണ്. അതിനാൽ 05/21, 06/21 മാസങ്ങളിൽ യഥാക്രമം 8220/- രൂപ, 4110/- രൂപ എന്നിങ്ങനെ (ചെക്ക് നം.1691260/05.07.21, ചെക്ക് നം.1691263/13.07.21) KL-01-AZ 3667 നം. ആംബുലൻസിന്റെ ഡ്രൈവറായ ശ്രീ.ഇ.ഷമീർ ന് വേതനം അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ KL-01-AZ 3667 നം. ആംബുലൻസിന് ഇന്ധനം നിറച്ചതിന് 05/21 ൽ 2800/- രൂപയും 06/21 ൽ 1000/- രൂപയും ചെലവഴിച്ചിരിക്കുന്നു. KL-01-AZ 3667 നം. ആംബുലൻസിന്റെ ഉപയോഗം സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും പി.എച്ച്.സി യുടേതല്ലാത്ത സ്വകാര്യ വാഹനം ഉപയോഗിച്ചതിന് ഒരേ സമയം വേതനവും ഇന്ധന ചെലവും അനുവദിച്ചതിനുള്ള കാരണം വ്യക്തമല്ല. കൂടാതെ പ്രസ്തുത വാഹനം ഉപയോഗിക്കുന്നതിനുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ലഭ്യമാക്കിയിട്ടില്ല.

4. ക്യാഷ് ഇൻവോയിസ് നം. 265/30.08.21 പ്രകാരം M3 Wheels എന്ന സ്ഥാപനത്തിൽ നിന്നും CEAT Milaze 1 എണ്ണം വാങ്ങിയതിന് 3450/- രൂപ ചെലവഴിച്ചിരിക്കുന്നു (ചെക്ക് നം.1691272/10.09.21). എന്നാൽ പ്രസ്തുത ഇനം സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.40/28.10.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 പാലിയേറ്റീവ് കെയർ പ്രോജക്ട് - കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് അനുവദിച്ച 1000000/- രൂപ സംബന്ധിച്ച്

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 18/22 സാന്ത്വന പരിചരണം (പാലിയേറ്റീവ് കെയർ) പദ്ധതിയുടെ ഭാഗമായി മരുന്ന് പർച്ചേസിനായി പ്രൊഫോർമ ഇൻവോയിസ് നം. PRF1526/05.08.21 ന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 1000000/- രൂപ അനുവദിച്ചിരുന്നു (ട്രഷറി ബിൽ നം.12/07.09.21). എന്നാൽ മരുന്ന് ലഭിച്ചിരുന്നില്ല. 13.09.22 ന് മെഡിക്കൽ ഓഫീസർ,

നെടുമങ്ങാട് സബ് ട്രഷറി ഓഫീസർക്ക് നൽകിയ കത്ത് പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ട് നം. തെറ്റായി നൽകിയതിനാൽ തുക സ്ഥാപനത്തിന് ലഭിച്ചില്ലെന്നും സാംഖ്യ വഴി അക്കൗണ്ട് നം. തിരുത്തി നൽകിയെങ്കിലും അപ്ഡേഷൻ ആയിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു. ആയതിനാൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേയ്ക്ക് തന്നെ തുക ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. 2021-22 ലെ സുലേഖ ചെലവ് പത്രിക, എ.സി.ആർ എന്നിവ പ്രകാരം ചെലവ് നടന്നിട്ടുള്ളതിനാൽ വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നുള്ള പ്രസ്തുത ചെലവ് വാർഷിക ധനകാര്യപത്രികയിലും ഉൾപ്പെട്ടിട്ടുണ്ട്. അപ്ഡേഷൻ പൂർത്തിയാകാത്ത സാഹചര്യത്തിൽ നിലവിൽ 1000000/- രൂപ ഏത് അക്കൗണ്ടിലാണ് നിലനിൽക്കുന്നത് എന്ന വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 40/28.10.22, സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നം.47/28.10.22 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി വിഷയത്തിലെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കേണ്ടതും തുക എത്രയും വേഗം സ്ഥാപനത്തിന് നൽകി മരുന്ന് പർച്ചേസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-38 പാലിയേറ്റീവ് പ്രവർത്തനം - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായുള്ള പരിഷ്കരിച്ച മാർഗരേഖ സ.ഉ.(സാധാ)നം. 553/2019/തസ്വഭവ, 07.03.19 പ്രകാരം താഴെപ്പറയും പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

ഖ.2.4.2 - പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടുകൊണ്ടു പോകുന്നതിനായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി ഓരോ പഞ്ചായത്തും രൂപീകരിക്കേണ്ടതാണ്. എല്ലാ മാസവും 5 ാം തീയതിക്കുമുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്.

ഖ. 2.6.3(5)- ഗൃഹസന്ദർശന വിവരങ്ങൾ (സന്ദർശിച്ച വീടുകൾ, പങ്കെടുത്തവരുടെ ഹാജർ, ചെലവ് മുതലായവ) അനുബന്ധം 3 മാതൃകയിലുള്ള ഫോറത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

ഖ. 2.6.4- ആഴ്ചയിൽ ഒരു പ്രാവശ്യം ഹോം കെയർ റിപ്പോർട്ട് ബുക്ക് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്.

ഖ. 2.6.15- പാലിയേറ്റീവ് കെയർ പരിചരണ യൂണിറ്റിന്റെ/തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഈ രംഗത്ത് നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ (ഹോംകെയർ, ഒ.പി ക്ലാസ്സുകൾ, പരിശീലനങ്ങൾ, ദിനാചരണങ്ങൾ, വാർഷികം മുതലായവ) രേഖപ്പെടുത്തി വയ്ക്കുന്നതിന് ഒരു "ഇവന്റ്സ് ഡയറി" എഴുതി സൂക്ഷിക്കേണ്ടതാണ്.

ഖ. 2.7.5- പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഇനം തിരിച്ചുള്ള വരവുകളും ചെലവുകളും പ്രത്യേക വരവ് ചെലവ് കണക്ക് പുസ്തകത്തിൽ പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഖ. 2.11.1- മേൽ വിവരിച്ച പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പി.എം.സി യുടെ ആഭ്യമുഖ്യത്തിൽ തദ്ദേശഭരണ സ്ഥാപനത്തിൽ വച്ച് ഓരോ മാസത്തിലും അവലോകനയോഗങ്ങൾ നടത്തേണ്ടതാണ്. ഓരോ അവലോകനയോഗത്തിലും മുൻമാസം നടന്ന പ്രവർത്തനങ്ങളുടെ എഴുതി തയ്യാറാക്കിയ റിപ്പോർട്ട് (നിർദ്ദേശിക്കപ്പെട്ട പ്രകാരമുള്ള റിവ്യൂ മീറ്റിംഗ് റിപ്പോർട്ട് ബുക്കിലാണ് ഇത് എഴുതേണ്ടത്). യോഗത്തിന്റെ അജണ്ട, ഹാജർ, മിനിട്സ് എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ലഭ്യമാക്കിയ പി.എം.സി രജിസ്റ്റർ പ്രകാരം 2021-22 ൽ ഒരു തവണ മാത്രമാണ് യോഗം കൂടിയിട്ടുള്ളത്. കൂടാതെ ഹോം കെയർ റിപ്പോർട്ട് ബുക്കിൽ 2021 ഡിസംബർ മാസം മുതൽ മെഡിക്കൽ ഓഫീസർ മാസാന്ത്യ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിരിക്കുന്നു. അതിനു മുൻപുള്ള കാലയളവിൽ രജിസ്റ്റർ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. 2021-22 വർഷം പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞവ നടപ്പിലാക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 36/27.10.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ തുടർന്നുള്ള പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ പാലിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-39 പ്രോജക്ട് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് ലാബ് റീഏജന്റ്സ് പർച്ചേസ് ചെയ്തിരിക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | കോലിയക്കോട് എഫ്.എച്ച്.സിയിലെ ആവർത്തന ചെലവുകൾക്ക് തുക കൈമാറൽ |
| പദ്ധതി നമ്പർ | 36/22 |
| പദ്ധതി അടങ്കൽ | 300000 (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 205872 (തനത് ഫണ്ട്) |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

പ്രോജക്ടിന്റെ ഭാഗമായി ക്വട്ടേഷൻ/ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്നും നേരിട്ടാണ് ലാബ് റീഏജന്റ്സ് പർച്ചേസ് ചെയ്യേണ്ടത് എന്ന് പ്രോജക്ട് രൂപീകരണ ഫോറം ക്രമ നം.33 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ആകെ 47165/- രൂപയ്ക്ക് ലാബ് റീഏജന്റ്സ് പർച്ചേസ് ചെയ്തിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഇൻവോയിസ് നം./തീയതി | തുക | ചെക്ക് നം./ തീയതി |
|---|---|---|---|---|
| 1 | Diatrades | R-452/12.11.21 | 5407 | 123416/27.12.21 (ആകെ ബിൽ തുക-17369) |
| 2 | ABC Diagnostics Pvt.Ltd | B2C/02167/08.11.21 | 11962 | 123416/27.12.21 (ആകെ ബിൽ തുക-17369) |
| 3 | Chembio Systems | CBS/K1878/22.12.21 CBS/K1877/22.12.21 CBS/K2087/19.01.22 | 4600 | 123697/15.02.22 (ആകെ ബിൽ തുക-4600) |
| 4 | Diatrades | R-692/01.02.22 | 11852 | 123656/26.02.22 (ആകെ ബിൽ തുക-18162) |
| 5 | ABC Diagnostics Pvt.Ltd | B2C/03264/02.02.22 | 6310 | 123656/26.02.22 (ആകെ ബിൽ തുക-18162) |
| 6 | Chembio Systems | CBS/K2551/15.03.22 | 2246 | 125142/27.03.21 |
| 7 | Chembio Systems | CBS/K2595/23.03.22 | 4788 | 125142/27.03.21 |

മേൽ സ്ഥാപനങ്ങൾ ക്വട്ടേഷൻ/ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളല്ല. അവയിൽ നിന്നും പർച്ചേസ് ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 35/27.10.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ക്വട്ടേഷൻ വ്യവസ്ഥയ്ക്ക് അനുസരിച്ചാണ് ലാബ് റീഏജന്റ്സുകൾ വാങ്ങിയിട്ടുള്ളതെന്നും അടിയന്തിര ഘട്ടത്തിൽ രേഖാമൂലമുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം വാങ്ങാൻ കഴിഞ്ഞില്ലെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ക്വട്ടേഷൻ നടപടികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഒന്നും തന്നെ പ്രോജക്ട് ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതും മേൽ പർച്ചേസിന് പഞ്ചായത്ത് കമ്മിറ്റിയിൽ നിന്നും സാധൂകരണം വാങ്ങി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-40 ലോഗ് ബുക്ക് പരിശോധന

പി.എച്ച്.സി യുടെ KL-01-CB 3739, KL-01-CQ 6573 എന്നീ നം. ആംബുലൻസുകളുടെ ലോഗ് ബുക്കുകൾ പരിശോധിച്ചതിൽ നിന്നുള്ള പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ, ചട്ടം-1 ഖണ്ഡിക-3 പ്രകാരം നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

- ലോഗ് ബുക്ക് എൻട്രികളുടെ കാർബൺ പകർപ്പുകളുടെ ഫയൽ (ഓരോ വാഹനത്തിനും ഓരോ മാസവും പ്രത്യേകം ഫയലുകൾ).
- അറ്റകുറ്റപ്പണികൾ, മാറ്റി സ്ഥാപിക്കൽ വാങ്ങിയ സ്പെയർ പാർട്സുകൾ മുതലായവയുടെ വിവരം ചെലവ്, തിയതി എന്നിവ സഹിതം രേഖപ്പെടുത്തിയ റെക്കോർഡ്. പെട്രോളിന്റെ വില മുതലായവയും ഉപയോഗവും അനാമത്ത് വരവ്-ചെലവുകളും രേഖപ്പെടുത്തിയ രജിസ്റ്റർ.
- വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് വാങ്ങിയ സ്റ്റോറുകളുടെ സ്റ്റോക്ക് രജിസ്റ്റർ.

2) ആറു മാസത്തിലൊരിക്കൽ ഫിറ്റ്നസ് ടെസ്റ്റ്, മൈലേജ് ടെസ്റ്റ് എന്നിവ നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3) വാഹനത്തിന്റെ മെയിന്റനൻസ് രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

കൂടാതെ KL-01-CQ 6573 നം. ആംബുലൻസിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

എ) കോളം നമ്പർ 3 ൽ വാഹനത്തിന്റെ യാത്രയുടെ ആരംഭം മാണിക്കൽ എഫ്.എച്ച്.സി ആയി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കോളം നമ്പർ 9 ൽ ലക്ഷ്യ സ്ഥാനം രേഖപ്പെടുത്തിയിട്ടില്ല. കോളം നമ്പർ 5 ൽ യാത്രയുടെ ഉദ്ദേശ്യം രേഖപ്പെടുത്തേണ്ട കോളത്തിലാണ് പോയ സ്ഥലം രേഖപ്പെടുത്തിയിട്ടുള്ളത്. ലക്ഷ്യ സ്ഥാനത്ത് ഹാൾട്ട് ചെയ്ത സമയം എത്രയാണെന്ന് ലോഗ് ബുക്കിൽ എഴുതിയിട്ടില്ല.

ബി) സ.ഉ(പി)നം.803/70/ഫിൻ തിയതി 13-11-1970 പ്രകാരം സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ അനുബന്ധം 2 പ്രകാരം ഉള്ള മാതൃകയിൽ ലോഗ് ബുക്ക് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. വാഹനത്തിന്റെ ശരാശരി മൈലേജ് കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല. വാഹനത്തിൽ യാത്ര ചെയ്ത ഉദ്യോഗസ്ഥന്റെ വിവരങ്ങളും ഒപ്പും കോളം 6, 8 എന്നിവയിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 41/28.10.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലോഗ് ബുക്ക് രേഖപ്പെടുത്തലുകൾ കാലികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വാഹനവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും പരിപാലിക്കേണ്ടതുമാണ്.

## 1-41 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി- ക്യാഷ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല

കേരള ട്രഷറി കോഡ് വാള്യം I ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിന് വേണ്ടി പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും, TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. കൂടാതെ ജി.ഒ(പി)നം. 177/2006 /ഫിൻ, തീയതി 12.04.2006 ലെ ഖണ്ഡിക നമ്പർ 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ്-ചെലവ് വിവരം രേഖപ്പെടുത്തുന്നതിനായി TR-7A ക്യാഷ് ബുക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ്-ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി ഒരു സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർദ്ദിഷ്ട മാതൃകയിലുള്ള TR-7A ക്യാഷ് ബുക്കിൽ വരവ് ചെലവ് വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല. മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.41/28.10.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പാലിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവ് ചെലവുകൾ, ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെ വരവ് ചെലവുകൾ എന്നിവ എഴുതി സൂക്ഷിക്കേണ്ടതും ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും മാസാന്ത്യ സംക്ഷിപ്തം എഴുതി, കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്.

## 1-42 അങ്കണവാടികളുടെ പ്രവർത്തനം-അവലോകനം

പഞ്ചായത്ത് പരിധിയിൽ ആകെയുള്ളത് 34 അങ്കണവാടികളാണ്. സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള അങ്കണവാടികളെകുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | അങ്കണവാടിയുടെ പേര് |
|---|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 2 | വെള്ളാണിക്കൽ, പിരപ്പൻകോട് |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 3 | വെള്ളാണിക്കൽ, തലയൽ, മേനാംകോട്കോണം |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 1 | വെള്ളാണിക്കൽ |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 5 | 5 ൽ 2 എണ്ണം ഭാഗികം (അങ്കണവാടി നം. 76,78,83,90,102) |
| 5 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 34 | എല്ലാ അങ്കണവാടികളും |
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | - | |
| 7 | കളിസ്ഥലം ഇല്ലാത്തവ | - | |
| 8 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | - | |
| 9 | മൂന്നു മുറിയെങ്കിലും ഇല്ലാത്തവ | 1 | തലയൽ |
| 10 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 31 | പേര് വിവരം ലഭ്യമാക്കിയിട്ടില്ല |
| 11 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 34 | എല്ലാ അങ്കണവാടികളും |
| 12 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | - | |
| 13 | വൈദ്യുതി ഇല്ലാത്തവ | - | |
| 14 | Baby Weighing Machine/salter Scale/platform Weighing Scale ഇല്ലാത്തവ | 34 | എല്ലാ അങ്കണവാടികളും |

| | | | |
|---|---|---|---|
| 15 | സൂപ്പർവൈസറുടെ ഫോൺനമ്പറോടു കൂടിയ നെയിം ബോർഡ് ഇല്ലാത്തവ | 34 | എല്ലാ അങ്കണവാടികളും |
| 16 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 34 | എല്ലാ അങ്കണവാടികളും |
| 17 | പ്രഥമ ശുശ്രൂഷ കിറ്റ്, മരുന്നു കിറ്റ് എന്നിവ ഇല്ലാത്തവ | - | |
| 18 | ക്ലോക്ക്, ബെൽ, ഫോൺ, ഫാൻ, അലമാര, ഫയൽ റാക്ക് എന്നിവ ഇല്ലാത്തവ | - | |
| 19 | പാചകവാതക സൗകര്യം ഇല്ലാത്തവ | - | |
| 20 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | - | |
| 21 | ആവശ്യത്തിനു കളിക്കോപ്പുകൾ ഇല്ലാത്തവ (Both Indoor And Outdoor) | 32 | ഇൻഡോർ 34 എണ്ണം ഔട്ട്ഡോർ ഇല്ല |
| 22 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | - | |
| 23 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | - | |
| 24 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | - | |
| 25 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | - | |
| 26 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | - | |
| 27 | പരാതിപ്പെട്ടി ഇല്ലാത്തവ | 13 | 21 അങ്കണവാടികളിൽ ജാഗ്രതാസമിതി പരാതിപ്പെട്ടി ഉണ്ട് |

അങ്കണവാടികളുടെ പ്രവർത്തനം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/19.10.2022) ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

2) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.3.I പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപവത്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. ലഭ്യമാക്കിയ മറുപടി പ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും ഐ സി ഡി എസ് പ്രവർത്തനം കമ്മിറ്റി വിലയിരുത്തുന്നുണ്ടെന്നും അറിയിച്ചിരിക്കുന്നു.

3) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.4 പ്രകാരം വാർഡ് മെമ്പർ ചെയർപേഴ്സണായും അങ്കണവാടി വർക്കർ കൺവീനറായും എ.ഡി.എസ്. ലെ രണ്ട് പേർ, ആശാവർക്കർ, സമൂഹത്തിലെ മറ്റുള്ളവർ എന്നിവരെ ചേർത്ത് അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി എല്ലാ അങ്കണവാടികളിലും രൂപീകരിച്ചിട്ടുണ്ടെന്നും യോഗം ചേരുന്നതിന്റെ രജിസ്റ്റർ അങ്കണവാടികളിൽ സൂക്ഷിക്കുന്നുണ്ടെന്നും അറിയിച്ചിരിക്കുന്നു.

4) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.3 Xi. F, G എന്നിവ പ്രകാരം വർഷത്തിലൊരിക്കൽ കിണർ വൃത്തിയാക്കുകയും മാസത്തിലൊരിക്കൽ ജലസംഭരണി വൃത്തിയാക്കുകയും ചെയ്യേണ്ടതാണ്. അതിനുള്ള മറുപടി പ്രകാരം വാർഡ്തല ALMSC കമ്മിറ്റിയും വാർഡ്തല സാനിറ്റേഷൻ കമ്മിറ്റിയും യഥാസമയങ്ങളിൽ കിണർ വൃത്തിയാക്കുകയും പരിസര ശുചീകരണം നടത്തുകയും ചെയ്തു വരുന്നതായി അറിയിച്ചിരിക്കുന്നു.

5) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 4.2.1. പ്രകാരം 2021-22 ൽ Monthly Progress Report, ഖണ്ഡിക 4.2.2. പ്രകാരം Annual Progress Report എന്നിവ അങ്കണവാടി തലത്തിൽ തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ Monthly Progress Report, Annual Progress Report എന്നിവ തയ്യാറാക്കിയതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

6) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 4.2.1. പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും ഭാവിയിലെ

വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യണം. എല്ലാ മാസവും Monthly Progress Report ഓൺലൈനായി അങ്കണവാടിതലത്തിൽ തയ്യാറാക്കി വകുപ്പിന് ഓൺലൈനായി അയയ്ക്കുന്നതായി അറിയിച്ചിരിക്കുന്നു. മേൽപ്പറഞ്ഞ പ്രകാരമുള്ള പ്രവർത്തനം നടത്തിയിട്ടും സ്വന്തമായി കെട്ടിടം ഇല്ലാത്ത 2 അങ്കണവാടികൾ, ചുറ്റുമതിൽ ഇല്ലാത്ത 5 അങ്കണവാടികൾ, സൂപ്പർവൈസറുടെ ഫോൺനമ്പറോടുകൂടിയ നെയിം ബോർഡ് ഇല്ലാത്ത 34 അങ്കണവാടികൾ (മുഴുവൻ), പരാതിപ്പെട്ടി ഇല്ലാത്ത 13 അങ്കണവാടികൾ (മുഴുവൻ) എന്നിവ ഇനിയും അവശേഷിക്കുന്നുണ്ട്. അതിനാൽ അങ്കണവാടികളുടെ അവശ്യ ഭൗതിക സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) ജി.ഒ(എം.എസ്)4/2016/തസ്വഭവ, തീയതി 11.01.2016 (iii) പ്രകാരം അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും ഇടയ്ക്കിടക്ക് പരിശോധനയ്ക്ക് വിധേയമാക്കണം. ഇതിനായി അങ്കണവാടി വെൽഫെയർ കമ്മിറ്റിക്ക് പുറമേ ഗ്രാമസഭ അംഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ്. പഞ്ചായത്തിൽ നിരീക്ഷണ കമ്മിറ്റി നിലവിൽ ഇല്ലായെന്നും പോഷകാഹാര വിതരണം വിതരണം ചെയ്യുന്ന ഗുണഭോക്താക്കളെ അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് തിരഞ്ഞെടുക്കുന്നതെന്നും അറിയിച്ചിരിക്കുന്നു.

8) സർക്കുലർ നം 31055/ഡിസി2/2011/തസ്വഭവ, തീയതി 22.03.11 പ്രകാരം അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അംഗൻവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസിയർ എന്നിവരുടെ ഒരു യോഗം വിളിച്ചു ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അങ്കണവാടി സന്ദർശിച്ച് അറ്റകുറ്റപ്പണികൾ ആവശ്യമായ അങ്കണവാടികളുടെ വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തുകയും 2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ ആവശ്യമായ പ്രോജക്ടുകൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ളതായി അറിയിച്ചിരിക്കുന്നു. കൂടാതെ ഒരു അങ്കണവാടിയുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് മാത്രമാണ് മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുള്ളത്. ബാക്കിയുള്ള അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതും ഫിറ്റ്നസ് ലഭിക്കാത്ത അങ്കണവാടികളുടെ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-43 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - പ്രോജക്ടിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| പദ്ധതി നമ്പർ | 112/21 |
| പദ്ധതി അടങ്കൽ | 2,85,500 (വികസന ഫണ്ട് പൊതു വിഭാഗം) |
| പദ്ധതി ചെലവ് | 2,85,500 (വികസന ഫണ്ട് പൊതു വിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |

I) മേൽ പദ്ധതി പ്രകാരം ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠിക്കുന്ന ക്ലാസ്/കോഴ്സ് എന്നിവയുടെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് നൽകിയിരിക്കുന്നത്. എന്നാൽ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ. തീയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.6 പ്രകാരം അർഹമായതിൽ നിന്നും അധികമായി ചുവടെ പറയുന്ന വിദ്യാർത്ഥിയ്ക്ക് സ്കോളർഷിപ്പ് തുക അനുവദിച്ചിരിക്കുന്നു (ട്രഷറി ബിൽ നം.06/03.09.21 ബിൽ തുക - 1,59,100/- രൂപ).

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന ക്ലാസ് | സ്കോളർഷിപ്പ് തുക | | |
|---|---|---|---|---|
| | | അർഹമായത് (500*12+600) | അനുവദിച്ചത് (600*12+800) | അധികം നൽകിയത് |
| ഹുദാ ഫാത്തിമ | 5 | 6600 | 8000 | 1400 |

II) സ്കോളർഷിപ്പിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ നിന്നുള്ള പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) അപേക്ഷയിൽ 'നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിലയിരുത്തൽ' എന്ന ഭാഗത്ത് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

ബി) പല അപേക്ഷകളോടൊപ്പവും ഉൾക്കൊള്ളിച്ചിട്ടുള്ള ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള അക്കൗണ്ടുകളിലേക്കല്ല ട്രഷറി ബില്ലുകൾ പ്രകാരം സ്കോളർഷിപ്പ് തുക അനുവദിച്ചിട്ടുള്ളത്.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം 39/27.10.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം

അധികമായി നൽകിയ സ്കോളർഷിപ്പ് തുക 2022-23 വർഷത്തെ സ്കോളർഷിപ്പ് തുകയിൽ കുറവ് ചെയ്തു കൊള്ളാമെന്ന് അറിയിച്ചിരിക്കുന്നു. കൂടാതെ അപേക്ഷയിൽ സാക്ഷ്യപ്പെടുത്തിക്കൊള്ളാമെന്നും, സ്കോളർഷിപ്പ് തുക പോയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്ക് കോപ്പി വാങ്ങി അപേക്ഷയോടൊപ്പം ചേർത്തുക്കൊള്ളാമെന്നും അറിയിച്ചിരിക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-44 അങ്കണവാടികളിലെ പഴയ ഗ്യാസ് സ്റ്റൗ ഒഴിവാക്കണം

പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം.231/22 പ്രകാരം നരിക്കോട്ടിൽ ഡിസ്ട്രിബ്യൂഷൻസിൽ നിന്നും 67490/- രൂപ ചെലവഴിച്ച് പഞ്ചായത്തിലുള്ള 34 അങ്കണവാടികൾക്കും പുതിയ ഗ്യാസ് സ്റ്റൗ വാങ്ങി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ പഴയ ഗ്യാസ് സ്റ്റൗ എന്ത് ചെയ്യണം എന്നത് സംബന്ധിച്ച് പ്രോജക്റ്റിൽ നിർദ്ദേശിച്ചിട്ടില്ല. കൂടാതെ അങ്കണവാടികളിലെ പഴയ ഗ്യാസ് സ്റ്റൗ നിലവിൽ ഉപയോഗിക്കുന്നുണ്ടോയെന്നത് സംബന്ധിച്ചും വ്യക്തതയില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം നം. 39 ന് മറുപടി ലഭ്യമായില്ല. അങ്കണവാടികളിലെ പഴയ ഗ്യാസ് സ്റ്റൗ ഒഴിവാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതും ഇല്ലായെങ്കിൽ അവ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-45 തെരുവു നായ്ക്കളുടെ പരിപാലനം-കമ്മിറ്റി തീരുമാനം നടപ്പിലായില്ല.

ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ വികസന രേഖ പ്രകാരം 1529 നായകൾ പഞ്ചായത്ത് പരിധിയിൽ ഉണ്ട്. ലൈസൻസുള്ള നായകളുടെ എണ്ണം റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. അതിൽ തെരുവ് നായകൾ 950 എണ്ണമാണുള്ളത്. എന്നാൽ മാണിക്കൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനും പരിപാലനത്തിനും പദ്ധതി ഒന്നും നടപ്പാക്കിയിട്ടില്ല. തിരുവനന്തപുരം ജില്ലയിൽ ABC പദ്ധതി നടപ്പിലാക്കിയിരുന്നത് ജില്ലാ കുടുംബശ്രീ മിഷൻ ആയിരുന്നു എന്നും, ബഹു. ഹൈക്കോടതിയുടെ WP(C)no.13204/2021 Dtd.19/7/21, സർക്കാർ ഉത്തരവു നം.RC3/241/2021/LSGD Dtd.8/8/21 എന്നിവയുടെ അടിസ്ഥാനത്തിൽ, Animal Welfare Board ന്റെ അംഗീകാരം ഇല്ല എന്ന കാരണത്താൽ കുടുംബശ്രീ മിഷനെ, ABC പദ്ധതി നടപ്പിലാക്കുന്നതിൽ നിന്ന് വിലക്കിയിട്ടുള്ളതായും, ഓഡിറ്റ് എൻക്വയറി നം 30 നുള്ള മറുപടിയിൽ വെറ്ററിനറി സർജ്ജൻ വ്യക്തമാക്കിയിട്ടുണ്ട്. Animal Welfare Board ന്റെ അംഗീകാരത്തോടെ ABC പദ്ധതി നടപ്പിലാക്കുന്ന മറ്റ് സ്ഥാപനങ്ങൾ മാണിക്കൽ ഗ്രാമപഞ്ചായത്തിൽ ഇല്ലാത്തതിനാലാണ് ABC പദ്ധതിക്ക് തൻവർഷം തുക വകയിരുത്താത്തത് എന്നും ഓഡിറ്റ് എൻക്വയറി നം 30 നുള്ള മറുപടിയിൽ വെറ്ററിനറി സർജ്ജൻ വ്യക്തമാക്കിയിട്ടുണ്ട്. ജനറൽ കമ്മിറ്റിയുടെ 10/9/21 ലെ തീരുമാനം നം. 25-1 പ്രകാരം തെരുവു നായ്ക്കളുടെ പരിപാലന കേന്ദ്രം സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കി നല്കുവാൻ വെറ്ററിനറി സർജ്ജനെയും പദ്ധതി ഏകീകരണത്തിന് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി തീരുമാനം നാളിതുവരെ നടപ്പിലായിട്ടില്ല. ജനറൽ കമ്മിറ്റി തീരുമാനം എത്രയും വേഗം നടപ്പിലാക്കേണ്ടതാണ്.

## 1-46 വെള്ളക്കരം-സംയുക്ത പരിശോധന നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പ്രതിമാസം 59265/- രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിവന്നത്. ആകെ 129 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വരുന്നത്. എന്നാൽ KWA യുടെ ചില ബില്ലുകളിൽ Closing Balance, Fine എന്നിവ കൂടി ഉൾപ്പെടുത്തിയുള്ള തുകയാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. ഉദാഹരണമായി, 2021 മാർച്ച് മാസത്തെ ബിൽ പ്രകാരം, Closing Balance As On -28/2/21 - 56438/- രൂപയും, Demand For The Month 56438/- രൂപയും, ഫൈൻ 1129/- രൂപയും ചേർത്ത് ആകെ Amount Payable 112876/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത്, പ്രതിമാസ വെള്ളക്കരമായ 56438/- രൂപ തന്നെയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിയിട്ടുള്ളത്. 2021 ഏപ്രിൽ മാസത്തെ ബിൽ പ്രകാരം, Closing Balance As On 31-3-21 – 12265/- രൂപയും, Demand For The Month 59265/- രൂപയും, ചേർത്ത് ആകെ Amount Payable 60394/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നാൽ ഗ്രാമപഞ്ചായത്ത്, തൻമാസ തുകയായ 59265/- രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിയിട്ടുള്ളത്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWA യുമായി ചേർന്ന് സംയുക്ത പരിശോധന നടത്താൻ ജനറൽ കമ്മിറ്റി തീരുമാനിച്ചുവെങ്കിലും (തീരുമാനം നം-3(4)/10-9-21) ആയത് നാളിതുവരെ നടപ്പിലായിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി നം.19 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വെള്ളക്കരം സംബന്ധിച്ച ആശയക്കുഴപ്പം പരിഹരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 0 | 20000 | ന്യൂ ലൈഫ് പട്ടികജാതി കോളനി നവീകരണം | 20000 | 0 |
| | | 0 | 519250 | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 519250 | 0 |
| | | 0 | 1740000 | ലൈഫ് ഭവനപദ്ധതി-എസ്സി വകുപ്പ് കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് തുക നൽകൽ | 1740000 | 0 |
| | | 0 | 192118 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 192118 | 0 |
| | | 1577026 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 1577026 |
| ആകെ | | 1577026 | 2471368 | | 2471368 | 1577026 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 0 | 240000 | ന്യൂ ലൈഫ് പട്ടികജാതി കോളനി നവീകരണം | 240000 | 0 |
| | | 0 | 240000 | ന്യൂ ലൈഫ് | 240000 | 0 |
| | | 0 | 514500 | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 514500 | 0 |
| | | 0 | 1890757 | ലൈഫ് ഭവനപദ്ധതി-എസ്സി വകുപ്പ് കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് തുക നൽകൽ | 1890757 | 0 |
| | | 0 | 220000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 20000 | 0 |
| | | 479764 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 479764 |
| ആകെ | | 479764 | 3105257 | | 3105257 | 479764 |

| | 2020-21 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21 RP-7, RP-31 പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | തിരിച്ചടവ് | 2020-21 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1577026 | 2471368 | 4048394 | 2471368 | 1577026 | 0 | 1577026 |

| | | | | | | | |
|---|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 479764 | 3193517* | 3673281 | 3105257 | 568024 | 0 | 568024* |

* RP-31 പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച സംയുക്ത പ്രോജക്ട് വിഹിതമായ 88260/- രൂപ (ഹെഡ് നം. 320700205) കൂടി ഉൾപ്പെട്ടത്. പ്രസ്തുത തുക തൻവർഷം ചെലവഴിച്ചിട്ടില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2021-22 | | | | | |
| കേരള വാട്ടർ അതോറിറ്റി | 9020450 | 75/22 ജലജീവൻ പദ്ധതിയ്ക്ക് തുക കൈമാറൽ | 475000* | - | 475000 | - | 9291450 |
| | | 140/22 മാണിക്കൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 1759000* | - | 1759000 | - | |
| | | 150/22 കഞ്ചിക്കുഴി എസ് സി കോളനിയിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കലും വ്യക്തിഗത ഹൗസ് കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ പ്രവൃത്തികളും | 981000* | - | 981000 | - | |
| | | 237/22 ടേക്ക് എ ബ്രേക്ക് പദ്ധതി നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് ഡെപ്പോസിറ്റ് തുക കൈമാറൽ | 271000** | - | 271000 | - | |
| | | ആകെ | 3486000 | - | 3486000 | | |
| കെ.എസ്.ഇ.ബി | 137792 | 5/22 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് തുക കൈമാറൽ | 220099*** | - | 220099 | - | 137792 |
| | | ആകെ | 220099 | | 220099 | - | |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | - | 188/22 പിരപ്പിൻകോട് എൽപിഎസ് നെടുങ്കാണി സബ് സെന്റർ യുപിഎസ് കോലിയക്കോട് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവിടങ്ങളിൽ കുഴൽക്കിണർ സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും | 805020**** | - | 805020 | - | 805020 |
| | | ആകെ | 805020 | | 805020 | | |

* സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം. 75/22 നം. പ്രോജക്റ്റിന് 475000/- രൂപ, 140/22 നം. പ്രോജക്റ്റിന് 1759000/- രൂപ, 150/22നം. പ്രോജക്റ്റിന് 981000/- രൂപ എന്നിങ്ങനെ ആകെ 3215000/- രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ വന്നിട്ടില്ല (RP-49 ഷെഡ്യൂൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല). കൂടാതെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത പ്രസ്തുത തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

** പ്രോജക്റ്റ് നം.237/22 പ്രകാരം ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ 271000/- രൂപയുടെ ചെലവും വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ വന്നിട്ടില്ല (RP-49 ഷെഡ്യൂൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല). എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത പ്രസ്തുത തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

*** സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം. 5/22 ന്റെ ഭാഗമായി ആകെ 220099/- രൂപ കെ.എസ്.ഇ.ബിയ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ വന്നിട്ടില്ല (RP-49 ഷെഡ്യൂൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല). കൂടാതെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത പ്രസ്തുത തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

**** സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം. 188/22 ന്റെ ഭാഗമായി ആകെ 805020/- രൂപ ഭൂജല വകുപ്പിന് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ വന്നിട്ടില്ല (RP-49 ഷെഡ്യൂൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല).
അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

സ്ഥാപനം ലഭ്യമാക്കിയ പത്രിക പ്രകാരം 2796321/- രൂപ മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നൽകിയതായി അറിയിച്ചിട്ടുണ്ട്.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(സാധാ)നം. 43/20, തീയതി 01.01.21 | 63036602 | 340000 | 6218667 | 57157935 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ് /സർ ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 24329824 |
| ഓഡിറ്റ് വർഷത്തെ വരവ് | 135111002 |
| ആകെ | 159440826 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 132274744 |
| നീക്കിയിരിപ്പ് | 27166082 |
| വരവിനങ്ങളുടെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6027000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 625000 | ഡോ.ലിജിത്.കെ.എം, വെറ്ററിനറി സർജൻ |
| 1-24 | 4240119 | ജി.എൻ.ഹരികുമാർ, സെക്രട്ടറി |
| 1-24 | 234470 | പ്രവീൺ.പി.ഐ, അസി.സെക്രട്ടറി |
| 1-33 | 927411 | ഡോ.ഹീര ജ്യോതിസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 6027000 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | പ്രവീൺ.പി.ഐ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, മാണിക്കൽ ഗ്രാമപഞ്ചായത്ത് | പ്രണവം, മംഗലത്തുനട, നേതാജിപുരം |
| 2 | ജി.എൻ.ഹരികുമാർ, സെക്രട്ടറി | സെക്രട്ടറി, മാണിക്കൽ ഗ്രാമപഞ്ചായത്ത് | നവനീതം,TC-39/162,1314(1),ശ്രീചിത്രാ നഗർ,പാങ്ങോട്,തിരുമല.പി.ഓ.695506 |
| 3 | ഡോ.ലിജിത്.കെ.എം, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, മാണിക്കൽ ഗ്രാമപഞ്ചായത്ത് | ആലക്കല്ലി ഹൗസ്, എരുവട്ടി .പി.ഓ, തലശ്ശേരി, കണ്ണൂർ-670642 |
| 4 | ഡോ.ഹീര ജ്യോതിസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ജ്യോതിസ്, തൈക്കാട്, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-09 | കെ.എസ്.എ.റ്റി.വി.എം./ജിപി 13/1826/2022 തീയതി 15.10.2022 | 2 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ജിപി 13/1826/2022 തീയതി 15.10.2022 | 2 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം./ജിപി 13/1826/2022 തീയതി 15.10.2022 | 1 |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജിപി 13/1826/2022 തീയതി 15.10.2022 | 1 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജിപി 13/1826/2022 തീയതി 15.10.2022 | 1 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജിപി 10/2626/2018 തീയതി 11.02.2019 | 18 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ജിപി 10/319/2020 തീയതി 29.04.2020 | 21 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./ജിപി 10/522/2021 തീയതി 17.03.2021 | 40 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം./ജിപി 10/1075/2022 തീയതി 30.06.2022 | 18 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്